പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## പതിനാലാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ**
**ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

പതിനാലാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

406/2007.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 32 |

..

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എൻ. അനിരുദ്ധൻ.

അംഗങ്ങൾ :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
,, പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
,, കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2007 ജനുവരി മാസം 10-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 മാർച്ച്, 21.

# റിപ്പോർട്ട്

വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബ്ളോക്ക് പഞ്ചായത്തുകൾ

## വയനാട് ജില്ല

### മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

തോട്ടമുക്ക് ജലസേചന കനാൽ—ചെക്ക് മെഷർമെന്റ് പരിഗണിക്കാതെ അധിക പണിക്ക് പണം നൽകി

"തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം പണിത തോട്ടുമുക്ക് ചെക്ക് ഡാമിന്റെ (പനമരം-ഗ്രാമപഞ്ചായത്ത്) ജലസേചന കനാലിന്റെ ഫൗണ്ടേഷൻ കോൺക്രീറ്റ് 48.91 എം.ക്യൂബ് എന്ന് ആദ്യം രേഖപ്പെടുത്തിയിരുന്നത് ചെക്ക് മെഷർ ചെയ്തപ്പോൾ 44.07 എം.ക്യൂബ് എന്നാക്കി തിരുത്തിയിട്ടുണ്ട്. എൽ 48.91 എം ക്യൂബിന്റെ ബിൽ തയ്യാറാക്കി പണം നൽകുകയുണ്ടായി. ഇപ്രകാരം ഒരു എം ക്യൂബിന് 1,010 രൂപ നിരക്കിൽ അധികമായി 4.84 എം ക്യൂബ് കോൺക്രീറ്റിന് നൽകിയ തുകയായ 4888 രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 64 (a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32300/ I x D4/04/CRD നമ്പർ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

1. "തോട്ടമുക്ക് ചെക്ക് ഡാമിന് ജലസേചന കനാൽ നിർമ്മാണം എന്ന പ്രവൃത്തി 1997-98 വർഷത്തെ തൊഴിലുറപ്പ് പദ്ധതി പ്രകാരം വി. താജുദ്ദീൻ കൺവീനറായി ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രവൃത്തി ആണ്. ചെക്ക് മെഷർമെന്റിൽ കല്ലിന്റെ അളവിൽ വ്യത്യാസം വന്ന 4.84 എം3-ന്റെ വിലയായ ഓഡിറ്റിൽ സൂചിപ്പിച്ചിരിക്കുന്ന, 4888 രൂപ കൺവീനറിൽ നിന്നും തിരിച്ചു പിടിക്കുന്നതിനുവേണ്ടി പ്രസ്തുത വ്യക്തിക്ക് നോട്ടീസ് അയയ്ക്കുകയും നോട്ടീസിന് കക്ഷിയിൽ നിന്നും പ്രതികരണമൊന്നും കാണാത്തതിനാൽ റവന്യൂ റിക്കവറിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റവന്യൂ റിക്കവറി പ്രകാരം സംഖ്യ വസൂൽ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യുന്നതാണ്."

2. തോട്ടമുക്ക് ജലസേചന കനാൽ—ചെക്ക് മെഷർമെന്റ് പരിഗണിക്കാതെ അധികപണിക്ക് പണം നൽകിയ സാഹചര്യമെന്താണെന്നും 44.07 ക്യുബിക് മീറ്ററിന് പകരം 48.91 ക്യുബിക് മീറ്ററിന് പണം കൊടുത്തതെന്തിനാണെന്നും ഈ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും തെളിവെടുപ്പു വേളയിൽ സമിതി ആരായുകയുണ്ടായി. ചെക്ക് മെഷർമെന്റിൽ ഉണ്ടായ വ്യത്യാസം കാണാതെ പോയത് ബില്ല് തയ്യാറാക്കിയ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് പറ്റിയ തെറ്റായിരുന്നെന്നും പുതിയതായി വന്നയാളായതിനാലും ജനകീയാസൂത്രണത്തിന്റെ ആദ്യ വർഷമായതിനാലും വിശദമായി പരിശോധിക്കുന്നതിന് പരിചയക്കുറവുണ്ടാ

യിരുന്നെന്നും പ്രസ്തുത പണിയുടെ കൺവീനറായിരുന്ന താജുദ്ദീൻ 4888 രൂപ ഒരാഴ്ചയ്ക്കുള്ളിൽ അടയ്ക്കാമെന്ന് വാക്കു തന്നിട്ടുണ്ടെന്നും തുക അടപ്പിച്ച ശേഷം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കാമെന്നും മാനന്തവാടി ബ്ലോക്ക് ബി.ഡി.ഒ. ഇൻ ചാർജ്ജ് സമിതിയെ അറിയിച്ചു. തൃപ്തികരമായ വിശദീകരണം നല്കിയതിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ, തന്നെ സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് മാനന്തവാടി ബി.ഡി.ഒ. ഇൻ ചാർജ്ജ് സമിതിയെ ധരിപ്പിച്ചു.

3. ബി.ഡി.ഒ. ഇൻ ചാർജ്ജിനെ സർചാർജ്ജിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും വാങ്ങി തിരിച്ചടച്ചിട്ടുണ്ടോയെന്നു സമിതി ആരാഞ്ഞു. 22-9-1998 വരെയായിരുന്നു മാനന്തവാടി ബി.ഡി.ഒ. ആയി ചാർജ്ജുണ്ടായിരുന്നതെന്നും പിന്നീട് താൻ കല്പറ്റ ബ്ളോക്കിലേക്ക് സ്ഥലം മാറിപ്പോയെന്നും തനിക്കു ശേഷം ചാർജ്ജുണ്ടായിരുന്ന ആളായിരുന്നു തുടർ നടപടി സ്വീകരിക്കേണ്ടിയിരുന്നതെന്നും ഇത് ടിയാന്റെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ടെന്നും മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് ബി.ഡി.ഒ. ഇൻചാർജ്ജ് സമിതിയെ അറിയിച്ചു.

4. തുക അടയ്ക്കാമെന്ന് കൺവീനർ സമ്മതിച്ചിട്ടുള്ള സാഹചര്യത്തിൽ ബ്ളോക്ക് ഫണ്ടിലേക്ക് തുക ഒടുക്കി രസീത് അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് നല്കാമെന്നും അല്ലാത്ത പക്ഷം റവന്യൂ വകുപ്പ് വഴി റവന്യൂ റിക്കവറിക്ക് നടപടി സ്വീകരിക്കാമെന്നും മാനന്തവാടി ബി.ഡി.ഒ. ഇൻ ചാർജ്ജ് സമിതിക്ക് ഉറപ്പു നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

5. ബ്ളോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിൽ പലപ്പോഴും അക്ഷന്തവ്യമായ കാലതാമസം ഉണ്ടാകുന്നതായും ഇതിനാൽ തന്നെ പലപ്പോഴും കുറ്റക്കാരായവർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നതായും ഇതു വഴി പഞ്ചായത്തുകൾക്ക് വൻ ധനനഷ്ടം ഉണ്ടാകുന്നതായും സമിതി മനസിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ അതിന്മേലുള്ള തുടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി കൃത്യമായ നടപടിയെടുക്കുന്നുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ ഉറപ്പുവരുത്തണമെന്നും ഇതിനായി ഒരു മേൽനോട്ട സമിതിയെ ചുമതലപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റിന്മേലുള്ള തുടർ നടപടി നിശ്ചിത സമയത്തിനുള്ളിൽ സ്വീകരിക്കുന്നതിന് വീഴ്ച വരുത്തുന്നതിലൂടെ കുറ്റക്കാർ രക്ഷപ്പെടാൻ ഇടയായാൽ അതിനിടയാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാക്കണമെന്നും അവർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി നിദ്ദേശിക്കുന്നു.

6. 5-10-2004-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ കരാറുകാരനിൽ നിന്നും അധികം നല്കിയ തുക തിരിച്ചടപ്പിച്ച് 20-10-2004 മുൻപായി രസീത് ഓഡിറ്റ് വകുപ്പിനു നല്കാമെന്ന് മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് ബി.ഡി.ഒ. ഇൻചാർജ്ജ് ശ്രീ. ഇ. വി.കുഞ്ഞിരാമൻ ഉറപ്പുനല്കിയെങ്കിലും ഇതുവരെയും ഇതു സംബന്ധിച്ച് മറുപടി സമിതിക്ക് ലഭ്യമാക്കാത്തത് സമിതിയോടുള്ള അനാദരവായി സമിതി കണക്കാക്കുന്നു. പ്രസ്തുത തുക തിരിച്ചടച്ചുവോയെന്നതു

സംബന്ധിച്ചും അതിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

7. ഓഡിറ്റ് പരിശോധനയുടെ ഭാഗമായി സമിതി നടത്തുന്ന തെളിവെടുപ്പു വേളയിൽ ഓഡിറ്റിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ബ്ളോക്ക് സെക്രട്ടറിമാർ സമിതിക്കു നൽകുന്ന ഉറപ്പുകൾ പാലിച്ചു കാണുന്നില്ല.

8. സമിതി നിർദ്ദേശം പാലിക്കുന്നതിനും സമിതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിനും വകുപ്പു തലത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ആഡിറ്റ് ഖണ്ഡിക

സ്ഥലമെടുപ്പ്—വസ്തുവില പണമായി പിൻവലിച്ച് നൽകി.

"പട്ടികവർഗ്ഗ പുനരധിവാസ പദ്ധതി പ്രകാരം 5,27,105 രൂപ ചെലവഴിച്ച് 1996-97-ൽ നാലു വ്യക്തികളിൽ നിന്നും ആകെ രണ്ട് ഏക്കർ നാൽപ്പത് സെന്റ് സ്ഥലം വാങ്ങുകയുണ്ടായി. ബന്ധപ്പെട്ടവർക്ക് സ്ഥലവില ചെക്കായി നൽകുന്നതിനു പകരം 5,15,065 രൂപ തറവില രൊക്കം പണമായി പിൻവലിച്ചാണ് നൽകിയത്. തുകകൾ നൽകിയതിന്മേലുള്ള കൈപ്പറ്റു രസീതുകളിൽ സ്ഥലമുടമകളോ, സെക്രട്ടറിയോ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഈ ഇടപാടുകളിൽ 5,15,065 രൂപ പണമായി പിൻവലിക്കാനുണ്ടായ സാഹചര്യവും അന്വേഷണാർഹമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 64(b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32300/I x D4/04/സി.ആർ.ഡി നമ്പർ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി:-

9. "മാനന്തവാടി ബ്ളോക്കിൽ പയ്യംപള്ളി വില്ലേജിൽ ശ്രീ.എലഞ്ഞിമറ്റത്ത് ജോസഫ് എന്നയാളുടെ പക്കൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വീട് വയ്ക്കുന്നതിനു വേണ്ടി ഒരു ഏക്കർ സ്ഥലം വാങ്ങിയതിന് അന്നത്തെ ബി.ഡി.ഒ. ആയിരുന്ന ശ്രീ. സുധാകരൻപിള്ള സെൽഫ് ചെക്ക് എഴുതി തുക പിൻവലിച്ച് ചെലവ് ചെയ്തിരുന്നു. നിലവിൽ 95 സെന്റ് സ്ഥലം മാത്രമേ ഉള്ളൂ എന്നതിനാൽ അധികമായി ചെലവ് ചെയ്ത 12500 രൂപ ടി ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കാൻ നോട്ടീസ് അയച്ചെങ്കിലും ഇതുവരെ പ്രതികരണമൊന്നും ഉണ്ടായില്ല. പ്രസ്തുത സംഖ്യ ശ്രീ. സുധാകരനിൽ നിന്നും തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംഖ്യ വസൂൽ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യുന്നതാണ്. കൂടാതെ ഓഡിറ്റിൽ നിർദ്ദേശിച്ച പ്രകാരം ശ്രീ. സുധാകരൻപിള്ള നടത്തിയ എല്ലാ പണമിടപാടിനെക്കുറിച്ചും ബ്ളോക്ക് പഞ്ചായത്ത് അന്വേഷിച്ചു വരുന്നുണ്ട്. അന്വേഷണം പൂർത്തിയായാലുടൻ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്."

10. സ്ഥലത്തിന്റെ വില ചെക്കായി നല്കുന്നതിനു പകരം സെൽഫ് ചെക്ക് എഴുതി തുക പിൻവലിക്കാൻ കാരണമെന്താണെന്നും ഫയലില്ലാതെയെങ്ങനെയാണ് മറുപടി നൽകിയതെന്നും 95 സെന്റ് സ്ഥലം മാത്രമേ നിലവിലുള്ളു എന്ന് പരാമർശമുണ്ടാവാൻ കാരണമെന്താണെന്നും സമിതി ആരായുകയുണ്ടായി.

11. ഈ പദ്ധതിക്കായി വാങ്ങിയ സ്ഥലം മുഴുവനും ഒരേ പ്രദേശത്ത് അല്ലെന്നും ഒരാൾക്ക് അഞ്ചു സെന്റു ഭൂമി വീതം ആകെ 27 വീടുകൾ ഉണ്ടെന്നും 16-9-2004-ൽ ഈ വിഷയം കൂടുതൽ അന്വേഷണത്തിനായി ബ്ളോക്ക് പഞ്ചായത്ത് അന്വേഷണക്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും അന്നത്തെ ബി.ഡി.ഒ. ശ്രീ. സുധാകരൻ പിള്ളയായിരുന്നെന്നും ടിയാൻ റിട്ടയർ ചെയ്തുവെന്നും പെൻഷൻ ആനുകൂല്യങ്ങളും നൽകി കഴിഞ്ഞുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിക്ക് വിശദീകരണം നല്കി. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ഫയൽ രണ്ടാഴ്ചയ്ക്കകം സമിതിക്ക് ലഭ്യമാക്കാമെന്ന് ബി.ഡി.ഒ. സമിതിയെ അറിയിച്ചെങ്കിലും ഫയൽ ലഭ്യമാക്കിയിട്ടില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

12. 4-10-1999-ന് പുറപ്പെടുവിച്ച ഓഡിറ്റിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. സുധാകരൻപിള്ള അധികമായി ചെലവു ചെയ്ത 12,500 രൂപ തിരിച്ചു പിടിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണെന്നും 5-10-2004-ലെ സമിതി യോഗത്തിനു മറുപടി നല്കുന്നതിനു വേണ്ടി മാത്രമാണ് 16-9-2004-ൽ ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിച്ചതെന്നും സമിതി വിലയിരുത്തുന്നു.

13. ബ്ളോക്ക് പഞ്ചായത്ത് പ്രസ്തുത ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് നടത്തുന്ന അന്വേഷണത്തിന്റെ വിശദവിവരങ്ങളും ഇപ്പോഴത്തെ അവസ്ഥയുമടങ്ങുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ആഡിറ്റ് ഖണ്ഡിക

പദ്ധതി ചെലവ് പെരുപ്പിച്ചു കാട്ടാൻ അനധികൃതമായി പണം പിൻവലിച്ച് കൈവശം സൂക്ഷിച്ചു.

"മാനന്തവാടി ബ്ളോക്ക് പഞ്ചായത്തിൽ 30-6-1998-ലെ 986-ാം നമ്പർ വൗച്ചർ പ്രകാരം 1,48,700 രൂപ പണമായി പിൻവലിക്കുകയും അതിൽ നിന്ന് 1-7-1998 മുതൽ 2-12-1998 വരെയുള്ള കാലയളവിൽ 1,25,000 രൂപ ചെലവഴിക്കുകയും ബാക്കി തുക 23,700 രൂപ സെക്രട്ടറി തിരിച്ചടക്കുകയും ചെയ്തു തുക പിൻവലിച്ചത് വ്യക്തമായ ചെലവിനങ്ങൾക്കല്ല എന്നു കാണുന്നു. ഈ തുക 30-6-1998-ലെ പദ്ധതി നിർവഹണ ചെലവുകളിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ തുക പിൻവലിച്ച് മാസങ്ങളോളം കൈവശം വച്ചത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 64 (c)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004 ലെ 32300/I x D4/04/സി.ആർ.ഡി നമ്പർ കത്തു പ്രകാരം ഗ്രാമ വികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

14. "ഇക്കാര്യത്തിൽ അന്നത്തെ ബി.ഡി.ഒ. ഇൻ ചാർജ്ജും ഇപ്പോൾ ബത്തേരി ബ്ളോക്കിലെ ഇ.ഒ.(ഐ.ആർ.ഡി) യും ആയ ശ്രീ. എം. ഈശ്വരനോട് വിശദീകരണം ആരാഞ്ഞിരുന്നു. പ്രസ്തുത വിശദീകരണത്തിന് മറുപടിയായി 30-6-1998-ന് 1,48,700 രൂപ സെൽഫ് ചെക്കായി പിൻവലിച്ചത് അറിവില്ലായ്മ കൊണ്ടാണെന്നും ചെലവഴിച്ചതിന്റെ ബാക്കി 23,700 രൂപ 2-12-1998-ന് തിരിച്ചടച്ചിട്ടുണ്ടെന്നും ആയതിനാൽ അറിവില്ലായ്മകൊണ്ടു വന്നു പോയ പിഴവ് ക്ഷമിക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്. അന്നത്തെ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാക്കാലുള്ള നിർദ്ദേശ പ്രകാരമാണ്. പ്രസ്തുത തുക പിൻവലിച്ചതും ചെലവഴിച്ചതും. ആയതുകൊണ്ട് ഇക്കാര്യത്തിൽ അനുകൂലമായ നടപടി കൈക്കൊള്ളാൻ അപേക്ഷിക്കുന്നു."

15. ബ്ളോക്ക് പഞ്ചായത്ത് 1,48,000 രൂപ പിൻവലിച്ചിട്ട് 1,25,000 രൂ. ചെലവഴിക്കുകയും ബാക്കി 23,000 രൂപ വ്യക്തമായ ചെലവിനങ്ങൾക്കല്ലാതെ മാസങ്ങളോളം കൈവശം വയ്ക്കുകയും ചെയ്തത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടു തന്നെയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്ളാൻ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചുള്ളതായതിനാലും ജനകീയാസൂത്രണത്തിന്റെ ആദ്യ വർഷമായതിനാലും ബ്ളോക്ക് പഞ്ചായത്തിന്റെ അറിവോടു കൂടി നിശ്ചിത ദിവസം കൊണ്ട് കൊടുത്തു തീർക്കത്തക്ക രീതിയിൽ പണം മാറ്റിവച്ചതാണെന്നും ഒരു ദിവസം കൊണ്ട് കൊടുത്ത് തീർക്കുവാൻ കഴിയാത്തതു കൊണ്ട് ബ്ളോക്ക് പഞ്ചായത്തിന്റെ കസ്റ്റഡിയിൽത്തന്നെ സൂക്ഷിച്ചുവെന്നേയുള്ളുവെന്നും സ്വന്തം കൈവശം പണം സൂക്ഷിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

16. ബ്ളോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആവശ്യത്തിലേറെ തുക പിൻവലിക്കുന്നതായും പിൻവലിക്കുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ട്രഷറിയിൽ നിക്ഷേപിക്കാതെ കൈവശം സൂക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇത് ധന ദുർവിനിയോഗവും ബന്ധപ്പെട്ട നിയമങ്ങൾക്കെതിരുമാകയാൽ ഇതാവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. പദ്ധതികൾക്കായി പിൻവലിക്കുന്ന മുൻകൂർ തുകയിൽ നിന്നുള്ള ചെലവുകളുടെ രേഖകളും ചെലവാകാതെ വരുന്ന തുക സംബന്ധിച്ച വിശദാംശങ്ങളും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ബാക്കി വരുന്ന തുക കൈവശം സൂക്ഷിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ച് പലിശയിനത്തിലുള്ള നഷ്ടം ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇതിനു വീഴ്ച വരുത്തുന്ന

ഉദ്യോഗസ്ഥർക്കെതിരെ പണാപഹരണത്തിന് കേസെടുത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ആഡിറ്റ് ഖണ്ഡിക

ഔഷധ സസ്യകൃഷി അംഗീകൃത പദ്ധതിയിൽ നിന്ന് വഴിമാറി ചെലവു ചെയ്തു.

"മാനന്തവാടി ബ്ളോക്ക് പഞ്ചായത്തിന്റെ 1998-99-ലെ പദ്ധതി രേഖ പ്രകാരം മഹിളാ സമാജങ്ങൾക്ക് പച്ചകൃഷി/ഔഷധ സസ്യകൃഷി തുടങ്ങാൻ താഴെ പറയുന്ന പ്രകാരം തുക അനുവദിച്ചിരുന്നു.

| പദ്ധതി വിഹിതം | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|
| പച്ചക്കറി കൃഷി 5000 രൂപ പ്രകാരം 24 യൂണിറ്റുകൾക്ക് | 60,000 | 60,000 | 1,20,000 |
| ഔഷധസസ്യകൃഷി 5,000 രൂപ വീതം 8 യൂണിറ്റുകൾക്ക് | 20,000 | 20,000 | 40,000 |
| കമ്പോസ്റ്റ് വളം നിർമ്മാണം 8 x 6 x 4 വലിപ്പത്തിലുള്ള 8 കമ്പോസ്റ്റ് കുഴികൾക്ക് 5000 രൂപ പ്രകാരം | 20,000 | 20,000 | 40,000 |
| ആകെ | 1,00,000 | 1,00,000 | 2,00,000 |

പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഈ പദ്ധതി നിർവ്വഹിച്ചത് താഴെപ്പറയുന്ന പ്രകാരമാണ്.

| | രൂപ |
|---|---|
| 500 ഗ്രാം വീതമുള്ള പച്ചക്കറി നടൽ 24 പാക്കറ്റ് | 9,600 |
| 21.6 മെട്രിക് ടൺ ജൈവവളം വാങ്ങിയതിന്റെ വില | 1,08,000 |
| ആകെ | 1,17,600 |

ഔഷധ സസ്യകൃഷിക്കോ കമ്പോസ്റ്റ് വളനിർമ്മാണ കുഴിക്കോ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വാങ്ങിയ വിത്തിന്റെയും വളത്തിന്റെയും ഉപയോഗം വ്യക്തമാക്കപ്പെട്ടിട്ടുമില്ല. പ്രോജക്ടിൽ പരാമർശിക്കപ്പെടാത്ത തരത്തിൽ പദ്ധതി നടപ്പാക്കിയതിനാൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 64 (d)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004 ലെ 32300/I x D4/04/സിആർഡി. നമ്പർ കത്തു പ്രകാരം ഗ്രാമ വികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

18 "ഇക്കാര്യത്തിൽ പദ്ധതി നിർവ്വഹിച്ചത് മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറാണ്. ടിയാനോട് ഈ ഓഡിറ്റ് തടസ്സത്തിനുള്ള മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2-2-2000 മുതൽ നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും മറുപടി ടിയാനിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി 1,00,000 രൂപയാണ് നൽകിയത്. എന്നാൽ 1,17,600 രൂപ ചെലവു ചെയ്തിട്ടുണ്ടെന്ന് കാണിച്ച് തുക ആവശ്യപ്പെട്ടെങ്കിലും ഇക്കാര്യത്തിൽ അധികമായി ചെലവഴിച്ച 17,600 രൂപ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കൊടുത്തിട്ടില്ല എന്ന വിവരവും ബോധിപ്പിച്ചുകൊള്ളുന്നു. ടിയാന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്."

19. പ്രസ്തുത പദ്ധതിയനുസരിച്ച് ഔഷധ സസ്യകൃഷി നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി നിർവ്വഹണോദ്യോഗസ്ഥൻ കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്നെന്നും ഓഡിറ്റ് തടസ്സവാദത്തിന് മറുപടി സമർപ്പിക്കുവാൻ ടിയാനോട് ആവശ്യപ്പെട്ടുകൊണ്ട് പല തവണ കത്തെഴുതിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ലായെന്നും രണ്ടു മൂന്നു പ്രാവശ്യം സെക്രട്ടറി കൃഷി ഓഫീസിൽ ചെന്നുവെങ്കിലും കൃഷി ഓഫീസറേയും അസിസ്റ്റന്റ് ഡയറക്ടറേയും കാണുവാൻ സാധിച്ചില്ലായെന്നും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകളെല്ലാം കൃഷി ഓഫീസിലാണെന്നും മാനന്തവാടി ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

20. സമിതിക്ക് രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ഔഷധസസ്യ കൃഷി ചെയ്തതായി സൂചിപ്പിച്ചിട്ടില്ലായെന്നും ഇതേക്കുറിച്ചെന്താണ് പറയുവാനുള്ളതെന്നും സമിതി ആരാഞ്ഞതിന് ഔഷധസസ്യകൃഷി നടന്നിട്ടുണ്ടെന്നാണ് അന്വേഷണ ത്തിലറിഞ്ഞതെങ്കിലും നേരിട്ടന്വേഷിച്ചപ്പോൾ പദ്ധതിയിലില്ലാത്ത ഇനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നതെന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നുമാണ് ബി.ഡി.ഒ. അറിയിച്ചത്.

21. പദ്ധതി സംബന്ധിച്ച രേഖകളും ഫയലും അടിയന്തിരമായി കൃഷി ഓഫീസിൽ നിന്നും വാങ്ങുവാനും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നതെന്ന് അന്വേഷിച്ച് വിവരം സമിതിക്ക് ലഭ്യമാക്കുവാനും ബ്ളോക്ക് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നല്കി.

## നിഗമനങ്ങൾ/ശുപാർശകൾ

22. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കപ്പെടുന്ന കൃഷി വകുപ്പുദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിനു ശേഷം ഫയലുകളും ബന്ധപ്പെട്ട രേഖകളും പഞ്ചായത്തുകൾക്ക് നല്കാതിരിക്കുക, ഓഡിറ്റ് പരാമർശമുണ്ടായാൽ കൃത്യസമയത്ത് മറുപടി നല്കാതിരിക്കുക, പഞ്ചായത്തുമായി സഹകരിക്കാതിരിക്കുക എന്നിങ്ങനെ ഔദ്യോഗിക കൃതൃനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതി നിർവ്വഹണോദ്യോഗസ്ഥരായിരുന്ന കൃഷി വകുപ്പുദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുമ്പോൾ എവിടേക്കാണ് അവർ മാറ്റപ്പെട്ടത് എന്ന വിവരം പോലും പഞ്ചായത്ത് അധികൃതർ അറിയാറില്ലായെന്നും

സമിതി അനുമാനിക്കുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണോദ്യോഗസ്ഥരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പദ്ധതി പൂർത്തിയായാലുടൻ തന്നെയോ അല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനു സ്ഥലം മാറ്റം ലഭിച്ചാലുടനെയോ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളും ഫയലും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറണമെന്നും നിർവ്വഹണോദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സമിതി അദ്ധ്യക്ഷന്റെ അനുമതിയോടുകൂടിയായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പദ്ധതി സംബന്ധിച്ചുണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങൾക്ക് കൃത്യമായി മറുപടി നല്കണമെന്നും മറുപടി നല്കുവാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. നിർവ്വഹണോ ദ്യോഗസ്ഥർ സ്ഥലം മാറുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തിനെ പുതിയ ജോലിസ്ഥലം നിർബന്ധമായും അറിയിച്ചിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. മാനന്തവാടി ബ്ളോക്ക് പഞ്ചായത്തിലെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശത്തിനു മറുപടി നല്കുവാൻ തയ്യാറാകാതിരുന്ന കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും പ്രോജക്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പദ്ധതി നടപ്പാക്കാത്തതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ഈടാക്കി പഞ്ചായത്തിനു നൽകാൻ കൃഷി വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24. ബന്ധപ്പെട്ട കൃഷി ഓഫീസറെ സംബന്ധിച്ച വിശദവിവരം ഒരാഴ്ചക്കുള്ളിൽ അറിയിക്കാമെന്ന് സമിതിയുടെ 5-10-2004-ലെ തെളിവെടുപ്പിൽ മാനന്തവാടി ബി.ഡി.ഒ. ഉറപ്പു നല്കിയെങ്കിലും നാളിതുവരെയും പ്രസ്തുത വിവരം സമിതിക്ക് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

25. ഓഡിറ്റ് പരാമർശമുണ്ടായിട്ടും കൃഷി വകുപ്പുദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകാതിരുന്ന ബ്ളോക്ക് പഞ്ചായത്ത് അധികൃതരുടെ നിരുത്തരവാദപരമായ നടപടി അപലപനീയമാണ് ഇത് സമിതി ഗൗരവമായി കാണുന്നുവെന്നും ഇതിനുത്തരവാദികളായ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മരാമത്ത് പണികൾക്ക് അധികനിരക്ക് നൽകിയത് ബ്ലോക്ക് പഞ്ചായത്തിനു നഷ്ടം രൂപ 20,848

"23-10-1998-ലെ ജി.ഒ.(പി) 218/98/എൽ.എ.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ബ്ലോക്കുപഞ്ചായത്തു കമ്മിറ്റിയുടെ 23-11-1998-ലെ 207-ാം നമ്പർ തീരുമാനപ്രകാരം കിണറുകൾക്ക് 10% വും ചെറുകിട ജലസേചനത്തിൽ 25% അധികരിച്ച നിരക്കിൽ തുക നൽകുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ തൻവർഷം രണ്ടു കിണറുകൾക്ക് 10% നുപകരം 25% നിരക്ക് വർദ്ധന അനുവദിക്കുകയുണ്ടായി തന്മൂലം ബ്ലോക്ക് പഞ്ചായത്തിന് 20,848 രൂപയുടെ നഷ്ടം സംഭവിക്കുകയുണ്ടായി "

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക (V.12.1(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32300/ഐ.എക്സ്.ഡി4/ സി.ആർ.ഡി. നമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി.

26. "സർക്കാർ ഉത്തരവ് നമ്പർ 218/1998 എൽ.എ.ഡി. തീയതി 23-10-1998 പ്രകാരം കിണറുകൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% വും ചെറുകിട ജലസേചനത്തിന് 25% വും അധികരിച്ച നിരക്കിൽ ബിൽ തുക നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 23-11-1998-ൽ തീരുമാനം നമ്പർ 207 പ്രകാരം ഈ ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ള കിണറുകൾക്ക് 10% വും ജലസേചന കിണറുകൾക്ക് 25% വും തുക അധികരിച്ച് നൽകാൻ തീരുമാനമെടുക്കുകയാണ് ഉണ്ടായത്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അത്തിയംകോട് കിണറിനും എടത്തിൽ അടിയകോളനി കിണറിനും എസ്റ്റിമേറ്റ് നിരക്കിനേക്കൾ 25% തുക അധികരിച്ച് നൽകിയത്. മേൽ പ്രസ്താവിച്ച 2 കിണറുകളും ജലസേചന ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതാണ്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടിയുള്ള ഈ നടപടി സാധൂകരിച്ച് മാപ്പാക്കി ഈ ഖണ്ഡികയ്ക്ക് തീർപ്പ് കൽപ്പിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. "

27. 23-10-1998-ലെ 218/1998 എൽ.ഡി.നമ്പർ ഉത്തരവിനു വിരുദ്ധമായി (23-11-1998-ലെ 207-ാം നമ്പർ തീരുമാനപ്രകാരം) ബ്ലോക്ക് പഞ്ചായത്ത് രണ്ട് കിണറുകൾക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ അനുവദനീയമായ 10 ശതമാനം വർദ്ധനവിനുപകരം ജലസേചന കിണറിനുള്ള 25% നിരക്ക് വർദ്ധന അനുവദിക്കാൻ കാരണമെന്താണെന്ന് സമിതി ആരായുകയുണ്ടായി. പ്രസ്തുത കിണറുകൾ ജലസേചനത്തിനുമാത്രമാണുപയോഗിക്കുന്നതെന്നും മോട്ടോറും പമ്പുസെറ്റുമുപയോഗിക്കാതെ വെള്ളം കോരി നനയ്ക്കുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയതെന്നും മോട്ടോറും പമ്പു സെറ്റുമില്ലാത്തതുകൊണ്ടാണ് ഓഡിറ്റ് പരാമർശത്തിൽ ജലസേചനത്തിനായി തയ്യാറാക്കിയ കിണർ സാധാരണ കിണറായി പരിഗണിച്ചതെന്നും മാനന്തവാടി ബി ഡി.ഒ. സമിതിയെ അറിയിച്ചു.

28. അധികം നിരക്ക് നൽകാവുന്ന പ്രവൃത്തികളായ ബണ്ട് നിർമ്മാണം കനാൽ നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പാക്കാതെ കിണർ നിർമ്മാണത്തിനുമാത്രമായി 25% ശതമാനം വർദ്ധന നൽകിയതിൽ സമിതി വിശദീകരണം ആവശ്യപ്പെട്ടു. പദ്ധതി രേഖയിൽ പ്രസ്തുത കിണർ ജലസേചനത്തിനാണെന്ന് സൂചിപ്പിച്ച് എസ്റ്റിമേറ്റിനേക്കാൾ 25% കൂടുതലനുവദിക്കാമെന്ന് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സമിതിയെ അറിയിച്ചു. ജലസേചനത്തിന് അധിക നിരക്ക് നൽകാമെന്ന എസ്.പി.എ.ഒ.യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി വർദ്ധനവിന് സർക്കാരിൽ നിന്നും സാധൂകരണം നേടുവാനുള്ള നടപടികൾ സ്വീകരിക്കുവാനും അതോടൊപ്പം മറുപടി ലോക്കൽഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് നൽകുവാനും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

29. ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതി രൂപരേഖയും വിശദമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്. ഒരു പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട ഫയലും മറ്റനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതും അവ ഓഡിറ്റിന് കൃത്യമായി ഹാജരാക്കി ആഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ചുമതലയാണ്. ഓഡിറ്റിന്റെ പരിശോധനാവേളയിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്ക് രേഖകൾ സഹിതം കൃത്യമായ മറുപടി നൽകിയാൽ ഒഴിവാക്കപ്പെടാവുന്നതാണ് മിക്ക ഓഡിറ്റ് പരാമർശങ്ങളും. ക്രമമായും ചിട്ടയായുമുള്ള പ്രവർത്തനശൈലി പിൻതുടരുന്നതിൽ ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അലംഭാവമാണ് മിക്ക ഓഡിറ്റ് പരാമർശങ്ങൾക്കും കാരണമാകുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു.

30. ആയതിനാൽ കൃത്യമായ രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സെക്രട്ടറിമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പട്ടികവർഗ്ഗ കോളനിയിൽ ടെലിവിഷൻ സ്ഥാപിക്കൽ

"സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളിൽ അനുശാസിക്കുംവിധം ക്വട്ടേഷൻ ക്ഷണിക്കാതെ പട്ടികവർഗ്ഗ കോളനികളിൽ സ്ഥാപിക്കുന്നതിനായി 7 ടെലിവിഷൻ സെറ്റുകൾ വയനാട് ജില്ലാ ഹോൾസെയിൽ കോ ഓപ്പറേറ്റീവ് സ്റ്റോറിൽ നിന്നും വാങ്ങുകയും ആയതിന്റെ വിലയായി 1,74,650 രൂപ ചെലവഴിക്കുകയും ചെയ്തു. ഏതു കമ്പനിയുടെ സാധനങ്ങൾക്കാണ് വില ക്വാട്ടുചെയ്തത് എന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും 1,74,650 രൂപ നൽകുകയും ചെയ്ത നടപടി ശരിയല്ലാ ത്തതിനാൽ, ചെലവഴിച്ച മുഴുവൻ തുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. "

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V.12.1(ii)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32300/ ഐ.എക്സ്.ഡി4/ സി.ആർ.ഡി. നമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി.)

31. "പട്ടികവർഗ്ഗ കോളനിയിൽ ടി.വി. സ്ഥാപിക്കുന്നതിനുവേണ്ടി പ്രോജക്ട് നമ്പർ 242/98-99 പ്രകാരം 1,75,000 രൂപ ഐ.റ്റി.ഡി.പി.ക്ക് അനുവദിക്കുക യാണുണ്ടായത്. പ്രസ്തുത തുക ഉപയോഗിച്ച് ടെൻഡർ ക്ഷണിക്കാതെ ഐ.റ്റി.ഡി.പി. സ്പെഷൽ എക്സ്റ്റൻഷൻ ആഫീസർ ശ്രീ. പി. കെ. വേണു, വയനാട് ഡിസ്ട്രിക്ട്

ഹോൾ സെയിൽസ് കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സിൽ നിന്ന് ടി.വി. വാങ്ങുക യാണുണ്ടായത്. ഈ തടസ്സവാദത്തെക്കുറിച്ച് ഐ.റ്റി.ഡി.പി.യോട് വിശദീകരണം ചോദിച്ചെങ്കിലും നാളിതുവരെ വിശദീകരണം ലഭിച്ചിട്ടില്ല. ഐ.റ്റി.ഡി.പി.യിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. "

32. പട്ടികവർഗ്ഗ കോളനിയിലേക്ക് ടെലിവിഷൻ വാങ്ങിയതിന് എന്തു കൊണ്ടാണ് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതെന്നും ആരാണിതു വാങ്ങിയതെന്നും എവിടെ നിന്നാണ് വാങ്ങിയതെന്നും സമിതി ആരാഞ്ഞതിന് മാനന്തവാടി ടി.ഇ.ഒ.യിലെ സീനിയർ സൂപ്രണ്ട് ശ്രീ. പി. കെ. വേണുവായിരുന്നു നിർവ്വഹണോദ്യോഗസ്ഥനെന്നും ജനകീയാസൂത്രണത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ആവശ്യമില്ലായെന്ന് കെ.ഐ.എൽ.എ. പ്രസിദ്ധീകരിച്ച ബുക്കിലുണ്ടാ യിരുന്നുവെന്നും വയനാട് ജില്ലാ ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിൽ നിന്നാണ് വാങ്ങിയതെന്നും നിർവ്വഹണോദ്യോഗസ്ഥൻ തെളിവെടുപ്പു വേളയിൽ സമിതിയെ അറിയിച്ചു.

33. എന്നാൽ കിലയിൽ നിന്നുള്ള പുസ്തകം സർക്കാർ ഉത്തരവല്ലായെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൂടി ഉൾപ്പെടുന്ന ക്വട്ടേഷനിൽ മറ്റുള്ളവരുടെ ക്വട്ടേഷൻ തുകയ്ക്കുതുല്യമായി സൊസൈറ്റി ക്വാട്ട് ചെയ്യുകയാണെങ്കിൽ സൊസൈറ്റിക്ക് മുൻഗണന നൽകാമെന്നും അവർക്ക് ഇ.എം.ഡി ഒഴിവാക്കി യിട്ടുണ്ടെന്നുള്ള സഹകരണ വകുപ്പിന്റെ ഉത്തരവു മാത്രമാണെന്നും സമിതി ചൂണ്ടിക്കാട്ടി.

34. ഓരോ വീടിനും ഡിഷ് ആന്റിനയുടെ ആവശ്യകതയെന്തെന്നും ടി. വി. ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇതു സംബന്ധിച്ച ഓഡിറ്റിന് മറുപടി നൽകുവാൻ താമസിച്ചതെന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന് ഓരോ വീടിനും ഡിഷ് ആന്റിന കൊടുത്തിട്ടില്ലായെന്നും ഒരു കോളനിക്ക് ഒരെണ്ണം വീതം 7 കോളനിക്കായി ഡിഷ് ആന്റിന കൊടുത്തിട്ടുണ്ടെന്നും ടി.വി.യെല്ലാം ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നും സ്ഥലം മാറിപ്പോയതിനാൽ ഇതേക്കുറിച്ചൊന്നും അറിഞ്ഞില്ലായെന്നും ഇതു സംബന്ധിച്ച ഫയൽ ടി.ഇ.ഒ. ഓഫീസിലുണ്ടെന്നും എന്നാൽ രണ്ടു പ്രാവശ്യം ചെന്നിട്ടും ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലായെന്നും നിർവ്വഹണോദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

35. മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിൽ ഒന്നിനുപോലും കൃത്യമായ മറുപടി നൽകുവാനോ രേഖകൾ ഹാജരാക്കുവാനോ തയ്യാറായിട്ടില്ലായെന്നതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തധികൃതർ കുറ്റക്കാരായ ഉദ്യോഗസ്ഥരെ സഹായിക്കുന്ന നില പാടാണ് സ്വീകരിക്കുന്നതെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>മാനന്തവാടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത നടപടി വൈകിയാൽ ആയതിനുത്തരവാദികളാകുന്ന ഗ്രാമവികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്നും ഇതു</u>

സംബന്ധിച്ച് കൈക്കൊണ്ട നടപടി റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

36. ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളും അതിന്മേലുള്ള തുടർ നടപടികളും പരിശോധിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ വകുപ്പ് അധികൃതർക്കും ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിനും ഇതു സംബന്ധിച്ച് പീരിയോഡിക്കലായി റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

37. പദ്ധതി സംബന്ധിച്ച ഫയലുകൾ രണ്ടാഴ്ചക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കാമെന്ന് 5-10-2004-ലെ സമിതിയോഗത്തിൽ മാനന്തവാടി ടി.ഇ.ഒ. സീനിയർ സൂപ്രണ്ട് സമിതിക്ക് ഉറപ്പു നൽകിയെങ്കിലും നാളിതുവരെയും പ്രസ്തുത ഫയലുകൾ ലഭ്യമാക്കുകയോ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ സമിതിക്ക് നൽകിയ ഉറപ്പു പാലിക്കാത്ത പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഭരണ വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

ഓഡിറ്റ് ഖണ്ഡിക

മരാമത്ത് പണികൾക്ക് മുൻകൂർ നൽകിയത് പണി പൂർത്തീകരിക്കാത്തത്.

"മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് 1998-99 വർഷത്തിൽ 9 മരാമത്തു പണികൾക്കായി 2,96,750 രൂപയും 1999-2000 വർഷത്തിൽ 27 മരാമത്തു പണികൾക്കായി 11,98,802 രൂപയും മുൻകൂറായി നൽകി എങ്കിലും 3/2001 വരെ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. പ്രവൃത്തികൾ ആരംഭിച്ചു എന്നതിന് വ്യക്തമായ തെളിവുകൾ പോലുമില്ല. ആയതിനാൽ 23-11-1997-ലെ ജി.ഒ.(പി) 216/97/തഭവ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ച മരാമത്തു ചട്ടങ്ങളിലെ ചട്ടം 13(4) പ്രകാരം ബന്ധപ്പെട്ട ഗുണഭോക്തൃസമിതി അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

മുൻകൂർ നൽകിയിട്ടും പണി ആരംഭിക്കാത്ത സംഗതിയിൽ മുൻകൂർ നൽകിയ തീയതി മുതൽ 18% നിരക്കിൽ പലിശ സഹിതം തുക ഈടാക്കാവുന്നതാണ് എന്നാണ് ബഹു. ഓംബുഡ്സ്മാന്റെ 10-8-2001-ലെ ഉത്തരവ്.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V.12.1(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32300/ഐ.എക്സ്.ഡി4/ സി.ആർ.ഡി. നമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

38. "1999-2000 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും മുൻകൂർ തുക കൈപ്പറ്റുകയും ചെയ്ത 27 പ്രവൃത്തികളിൽ താഴെ പറയുന്ന 4 പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുരകുന്ന് കുടിവെള്ള പദ്ധതി, ചെന്നമ്പാടി

കുറിച്യംകോളനി കുടിവെള്ള വിതരണം ഇവ ഡിസംബറിൽ പൂർത്തീകരിക്കും. 13-15 നമ്പർ പ്രവർത്തികൾക്ക് നൽകിയ തുക റവന്യൂ റിക്കവറി നടപടിപ്രകാരം വസൂൽ ചെയ്ത് തിരിച്ചടവ് വിവരം റിപ്പോർട്ട് ചെയ്യുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

1. ആലപ്പുരക്കുന്ന് കുടിവെള്ള വിതരണം, അഡ്വാൻസ് നൽകിയ തുക 1,05,000 രൂപ (മൂന്നുതവണകളായി കൊടുത്തു)

2. ചെന്നംപാടി കുറിച്യകോളനി കുടിവെള്ള വിതരണം അഡ്വാൻസ് നൽകിയ തുക 1,12,000 രൂപ (3 തവണകളായി കൊടുത്തു)

3. കള്ളംവെട്ടി അംഗൻവാടി അഡ്വാൻസ് കൊടുത്ത തുക 22,000 രൂപ.

4. തൊടുവയൽ കുറിച്യകോളനി കിണർ അഡ്വാൻസ് കൊടുത്ത തുക 12,000 രൂപ 1998-99 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും അഡ്വാൻസ് കൊടുക്കുകയും ചെയ്ത 8 പ്രവൃത്തികളിൽ താഴെ പറയുന്ന ഒരു പ്രവൃത്തി ഒഴികെ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തിക്ക് കൊടുത്ത അഡ്വാൻസ് തുക റവന്യൂ റിക്കവറി പ്രകാരം വസൂൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുക വസൂൽ ചെയ്തതിനുശേഷം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്."

എടമന മേലെ വരയാൽ കിണർ:അഡ്വാൻസ് കൊടുത്ത തുക 3750 രൂപ.

39. ഗുണഭോക്തൃ സമിതി നടത്തിയിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ പണം കൊടുത്തിട്ടുപോലും പണി തുടങ്ങാത്ത ഒന്നിലേറെ പ്രവൃത്തികളുണ്ടെന്നും ഇതേക്കുറിച്ച് എന്താണ് പറയുവാനുള്ളതെന്നും സമിതി ആരാഞ്ഞതിന് 27 പ്രവൃത്തികളിൽ നാലെണ്ണം ഒഴികെ 23 എണ്ണം പൂർത്തീകരിച്ചുവെന്നും ചെന്നമ്പാടി കുറിച്യകോളനി കുടിവെള്ള വിതരണം പണി പൂർത്തിയായി ബിൽ തയ്യാറാക്കാൻ തുടങ്ങുകയാണ് എന്നും തൊടുവയൽ കുറിച്യകോളനി കിണർ പണി പൂർത്തിയായിയെന്നും കള്ളംവെട്ടി അംഗൻവാടിയുടെ പണി നടക്കുന്നില്ലായെന്നും റിക്കവറി നടത്തുവാനായി രണ്ട് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും മൂന്നാമത്തെ നോട്ടിസ് കൊടുക്കാൻ പോവുകയാണെന്നും മാമലക്കുന്ന് കിണറിന്റേയും പണി പൂർത്തിയായിട്ടില്ലായെന്നും ആലപ്പുരക്കുന്ന് കുടിവെള്ള വിതരണ പദ്ധതിയുടെ പണി പൂർത്തിയായി ബിൽ തയ്യാറായിവരുന്നുവെന്നും 3750 രൂപ മുൻകൂർ നൽകിയ എടമന മേലേ വയരാൽ കിണർ പണിക്കും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് നോട്ടിസ് കൊടുത്തിട്ടുണ്ടെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. ഇൻ ചാർജ്ജ് സമിതിയെ അറിയിച്ചു.

40. റവന്യു റിക്കവറിയിലൂടെ തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

41. മേൽ പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ പൂർത്തിയാകാത്തവയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. പൂർത്തിയാകാത്ത പ്രവൃത്തികൾക്ക് നൽകിയ തുക പലിശസഹിതം റവന്യൂ റിക്കവറി നടത്തി തുക ഈടാക്കി വിവരം സമിതിയെ അറിയിക്കേണ്ടതുമാണ്.

## സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

ജനകീയാസൂത്രണ പദ്ധതി—പണികൾ നടത്തിയില്ല.

97-98-ൽ 6 പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയെങ്കിലും ആഡിറ്റ് തീയതിയായ 25-5-2000-ലും പണി തുടങ്ങിയതായോ തുടർ പ്രവൃത്തികൾ നടത്തിയതായോ കാണുന്നില്ല. 6 പ്രവൃത്തികളിലായി മൊത്തം 2,24,707 രൂപയാണ് മുൻകൂർ വിതരണം ചെയ്തിട്ടുള്ളത്.

പ്രവൃത്തികൾ തുടങ്ങാനുദ്ദേശ്യമില്ലെങ്കിൽ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും പലിശസഹിതം തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃതറിപ്പോർട്ട് ഖണ്ഡിക (IV.103(a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32300/ഐ.എക്സ്.ഡി4/04/സി.ആർ.ഡി. നമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

42. 1997-98 വർഷത്തിൽ പദ്ധതി വിഹിതത്തിൽപ്പെടുത്തി എഗ്രിമെന്റ് വെച്ചതും അഡ്വാൻസ് കൊടുത്തതുമായ പ്രവൃത്തികളിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടായിരുന്നതുമായവ താഴെ പറയുന്നു.

| ക്രമ നമ്പർ. | പ്രവൃത്തിയുടെ പേര് | അഡ്വാൻസ് തുക | കൊടുത്ത തീയതി |
|---|---|---|---|
| 1 | ചുള്ളിയോട് കഴുമ്പിൻകര കാട്ടിമൂല റോഡ് | 35,000 | 3-4-1998 |
| 2. | ചിങ്ങവല്ലംകുന്ന് മിനിവാട്ടർ സപ്ലൈ സ്കീം | 22,500 | 2-5-1998 |
| 3. | ചിങ്ങവല്ലംകുന്ന് മിനി വാട്ടർ സപ്ലൈ സകീം | 42,207 | 30-6-1998 |
| 4. | കളനാടിക്കുന്ന് വാട്ടർസപ്ലൈ സ്കീം | 25,000 | 25-5-1998 |
| 5. | പാടിപ്പറമ്പ് കുറുമകോളനി റോഡ് | 50,000 | 10-6-1998 |
| 6. | ചണ്ണക്കൊല്ലി വാട്ടർസപ്ലൈ സ്കീം. | 50,000 | 24-6-1998 |

മേൽ 6 പ്രവൃത്തികളും ഇതിനോടകം പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

1. ചുള്ളിയോട് കഴുമ്പിൻകര കാട്ടിമൂല റോഡ്

ഈ പ്രവർത്തിയുടെ അടങ്കൽ തുക 1,50,000 രൂപയാണ്. 3-4-1998-ൽ 323135 നമ്പർ ചെക്കുപ്രകാരം പ്രവർത്തിയുടെ കൺവീനറായ ശ്രീ. കെ. കെ. പോൾസൺ, കഴുവിൻകര, ചുള്ളിയോട് പി.ഒ. എന്നയാൾക്ക് 35,000 രൂപ അഡ്വാൻസ് നൽകിയിരുന്നു. മേൽ പ്രവൃത്തി പണി പൂർത്തീകരിച്ച് വയനാട് ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ബിൽ പ്രകാരം കൺവീനർക്ക് ഫൈനൽ തുക 1-6-1999-ൽ നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ പണി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു.

2-3 ചിങ്ങവനം കുന്ന് മിനി വാട്ടർ സപ്ലൈ സ്കീം

ഈ പ്രവൃത്തിയുടെ അടങ്കൽ തുക 1,01,000 രൂപയായിരുന്നു. പ്രവൃത്തിയുടെ കൺവീനറായ ശ്രീ. വിശ്വനാഥൻ വലിയവളപ്പിൽ പി.ഒ. നരിക്കുണ്ട് എന്നയാൾക്ക് അഡ്വാൻസായി 22,500 രൂപ 2-5-1998-ന് 325172 നമ്പർ ചെക്ക് പ്രകാരവും 42207 രൂപ 30-6-1998-ന് 091193 നമ്പർ ചെക്കുപ്രകാരവും (ആകെ 64707 രൂപ) നൽകുകയുണ്ടായി. പ്രവൃത്തിയുടെ കൺവീനർ ശ്രീ. വിശ്വനാഥൻ തൃപ്തികരമായി പണി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ അംഗീകരിച്ച് 31-3-1999-ൽ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്.

4. കളമാടിക്കുന്ന് വാട്ടർസപ്ലൈ സ്കീം

1997-98 വർഷത്തിൽ സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ കളമാടിക്കുന്ന് വാട്ടർ സപ്ലൈ സ്കീമിന്റെ അടങ്കൽ തുക 1,50,000 രൂപയും പ്രവർത്തിയുടെ കൺവീനർ ശ്രീ. എ.കെ.രാജൻ ചേക്കുട്ടി, അയ്യപ്പൻകുട്ടി, കഴമ്പ് പി.ഒ എന്നയാളും ആയിരുന്നു. പ്രവർത്തി ചെയ്യുന്നതിനുള്ള അഡ്വാൻസായി, കൺവീനർക്ക് 25-5-1998-ൽ 613311 നമ്പർ ചെക്കുപ്രകാരം 2,25,000 രൂപ അഡ്വാൻസായി നൽകിയിരുന്നു.

മേൽ പ്രവൃത്തി പൂർത്തീകരിച്ചു വയനാട് ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ സ്ക്രൂട്ടണി നടത്തിയ പ്രകാരം കൺവീനർക്ക് 16-7-1999-ൽ ഫൈനൽ പേമെന്റ് നൽകിയിട്ടുണ്ട്. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്.

5. പാടിപ്പറമ്പ് കുറുമ കോളനി റോഡ്

ഈ പ്രവൃത്തിയുടെ അടങ്കൽ തുക 2,05,000 രൂപയാണ്. കൺവീനറായ ശ്രീ. പി. പി. നാരായണൻ പാടിപറമ്പ്, ചുള്ളിയോട് പി.ഒ. എന്നയാൾക്ക് പ്രവൃത്തിയുടെ അഡ്വാൻസ് തുകയായി 50,000 രൂപ 10-6-1998-ൽ 613967 നമ്പർ ചെക്കുപ്രകാരം നൽകുകയുണ്ടായി. ടി പ്രവൃത്തി പൂർത്തീകരിച്ചത് ഡി.ആർ.ഡി.എ. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ അംഗീകരിച്ചതു പ്രകാരം 30-3-2000-ൽ

ഫൈനൽ ബിൽ കരാറുകാരന് നൽകിയിട്ടുണ്ട്. മേൽപ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതാണ്

6. ചണ്ണോത്തുകൊല്ലി വാട്ടർ സപ്ലൈ സ്കീം

1998-99 വർഷത്തിൽ സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ചണ്ണോത്തുകൊല്ലി, വാട്ടർ സപ്ലൈ സ്കീമിന്റെ കൺവീനർ ശ്രീ. കെ. ബാലൻ കണ്ടിചേരിയിൽ, ശശിമല പി. ഒ., പുൽപ്പള്ളി എന്നയാളും അടങ്കൽ തുക 92,000 രൂപയുമായിരുന്നു. കൺവീനർക്ക് പ്രവൃത്തിയുടെ അഡ്വാൻസായി 50,000 രൂപ 24-6-1998-ന് 176361 നമ്പർ ചെക്കുപ്രകാരം നൽകിയിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചതുപ്രകാരം ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ അംഗീകരിച്ച് 31-10-1999-ൽ ഫൈനൽ ബിൽ കൺവീനർക്ക് കൊടുത്തിട്ടുണ്ട്. മേൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്.

43. മേൽ സാഹചര്യത്തിൽ 1997-98-ലെ ആഡിറ്റ് റിപ്പോർട്ടിൽ പരിഹരിക്കുവാൻ ബാക്കിയുണ്ടായിരുന്ന ഖണ്ഡികയുടെ പരിഹരണം അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

44. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകുവാനുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് 20-12-2000-ൽ ഓഡിറ്റിന് മറുപടി നൽകിയിരുന്നുവെന്ന് സുൽത്താൻബത്തരി ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

45. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച സമിതി നിർദ്ദേശപ്രകാരം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് പുന:പരിശോധന നടത്തി 20-10-2004-ലെ എൽ.എഫ്. 20169/സപെ.സെൽ(ജി1)04 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുള്ളിക്കോട് കഴമ്പിൻകര കാട്ടിമൂല റോഡ് (നെൻമേനി ഗ്രാമപഞ്ചായത്ത്) പണി പൂർത്തീകരിച്ച് 1-6-1999-ന് അന്തിമ ബില്ല് നൽകിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ട് 5 വർഷം കഴിഞ്ഞതിനാൽ പാർശ്വഭിത്തി പലയിടത്തും ഇളകി ക്കിടക്കുന്നതായും; ചിങ്ങവല്ലം മിനി വാട്ടർ സപ്ളൈ സ്കീം (അമ്പലവയൽ ഗ്രാമ പഞ്ചായത്ത്) 1,20,000 രൂപയുടെ മൊത്തം അടങ്കൽ നിശ്ചയിച്ച പദ്ധതിയിൽ പൈപ്പിടുന്ന പ്രവൃത്തി ഒഴികെ മറ്റെല്ലാം 1998-99 അവസാനത്തോടെ പൂർത്തിയാക്കിയ തായി അളവുബുക്കിൽ രേഖപ്പെടുത്തി യിട്ടുണ്ടെന്നും പമ്പുസെറ്റിന്റെ വിലയുൾപ്പെടെ 89958 രൂപ ചെലവാക്കിയിട്ടുണ്ടെന്നും മുപ്പതോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനായി പൈപ്പുകൾ ഇട്ട് ടാപ്പുകൾ സ്ഥാപിച്ചതായും കാണാൻ കഴിഞ്ഞെങ്കിലും ഗുണനിലവാരമില്ലാത്ത പൈപ്പുകൾ പൊട്ടിയതിനാൽ ഗുണഭോ ക്താക്കൾക്ക് പ്രയോജനമില്ലെന്നും ഉയരത്തിലുള്ള കിണറിൽ നിന്നും ഒരേ വിതരണ പൈപ്പിലൂടെ വ്യത്യസ്ത കണക്ഷനുകളിലേയ്ക്ക് നേരിട്ട് കൊടുത്തതുമൂലമുള്ള സമ്മർദ്ദം കാരണമാണ് പൈപ്പുകൾ പൊട്ടിയതെന്നും ആയതിനാൽ സമ്മർദ്ദം കുറയുന്ന രീതിയിൽ വിതരണ പൈപ്പുകൾ പുന:സ്ഥാപിച്ച് എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കേണ്ടതാണെന്നും കളമോട്കുന്ന് വാട്ടർ സപ്ലൈ സ്കീം (നെൻമേനി ഗ്രാമപഞ്ചായത്ത്) 1999 ജൂലായ് മാസത്തോടെ ആദ്യഘട്ടമായ വാട്ടർ ടാങ്കിന്റെയും പമ്പ് ഹൗസിന്റേയും പ്രവൃത്തി പൂർത്തിയാക്കിയിരുന്നെന്നും പിന്നീടുള്ള വർഷങ്ങളിൽ

ഒരു ഡീസൽ മോട്ടോർ സ്ഥാപിച്ച് പൈപ്പിട്ട് ടാപ്പ് സ്ഥാപിച്ച് അറുപതോളം വീടുകൾക്ക് കുടിവെള്ള മെത്തിച്ചതായും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഇപ്പോഴും ലഭിച്ചുകൊണ്ടിരി ക്കുന്നതായും മനസ്സിലാക്കുവാൻ സാധിച്ചെന്നും പാടിപ്പറമ്പ്-കുടുവ കോളനി റോഡ് (നെൻമേനി ഗ്രാമപഞ്ചായത്ത്) 1997-98-ൽ 250 മീ. നീളത്തിൽ പ്രവൃത്തി ചെയ്യാൻ 2,05,000 രൂപയുടെ അടങ്കൽ നിർദ്ദേശിച്ച മേൽപ്രവൃത്തി 1999-2000 ത്തോടെ 132440 രൂപ ചെലവിൽ പാർശ്വസംരക്ഷണവും മണ്ണിട്ട് നിറയ്ക്കലും നടത്തിയതായി അളവുബുക്കിൽ രേഖപ്പെടുത്തി അവസാന ബില്ല് നൽകിയിട്ടുണ്ടെന്നും അളവു ബുക്കിൽ രേഖപ്പെടുത്തിയില്ലെങ്കിലും പ്രവർത്തി നടന്ന സ്ഥലത്തുനിന്നും കോളനിവരെയുള്ള 150 മീ. ദൂരം വഴിയിലെ ചെറിയ പാറ പൊട്ടിച്ച് കുറ്റിക്കാടുകൾ വെട്ടി സുഗമമാക്കുന്ന പ്രവർത്തി കൂടി ഇതിന്റെകൂടെ ചെയ്തതായി ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ അളവു ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തിയും അതു പ്രകാരമുള്ള പ്രവൃത്തിമൂല്യവും നൽകിയ സംഖ്യയും തട്ടിച്ചുനോക്കുമ്പോൾ കൂടുതലാണെന്ന് തോന്നിയെങ്കിലും കോളനി നിവാസികൾ സാക്ഷ്യപ്പെടുത്തിയ അധിക പ്രവൃത്തി കൂടി ചെയ്തതായി കണക്കിലെടുക്കുമ്പോൾ തൃപ്തികരമാണെന്ന് കാണാവുന്നതാണെന്നും ചണ്ണോത്തുകൊല്ലി വാട്ടർ സപ്ലൈ സ്കീം 1997-98-ൽ 92000 രൂപ എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച പദ്ധതി പ്രകാരം 8-ാം വാർഡിൽ കുടിവെള്ളമെത്തിക്കുന്നതിനായി കിണറ് കുഴിച്ച് പമ്പ് ഹൗസുണ്ടാക്കി പമ്പ് സെറ്റും വിതരണ പൈപ്പും ടാപ്പും സ്ഥാപിക്കാനാണ് നിർദ്ദേശമെങ്കിലും കിണർ കുഴിച്ചതല്ലാതെ മറ്റ് പ്രവൃത്തികളൊന്നും നാളിതു വരെയായി നടന്നിട്ടില്ലെന്നും കിണർ വെള്ളം കോരിയെടുത്ത് ഗുണഭോക്താക്കൾ ഉപയോഗിക്കുന്നതായും അറിയാൻ കഴിഞ്ഞെന്നും ഗുണഭോക്താക്കളുടെ വീടുകളും കിണറും തമ്മിൽ ദൂരം കൂടുതലായതിനാൽ പദ്ധതിയിൽ നിർദ്ദേശിച്ച അനുബന്ധ പ്രവർത്തികൾ കൂടി പൂർത്തികരിക്കേണ്ടതാണെന്നും അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

46. ചുള്ളിയോട് കഴമ്പിൽകര കാട്ടിമൂല റോഡ് പണി തൃപ്തികരമായി പൂർത്തീകരിച്ചെങ്കിലും പാർശ്വഭിത്തി പല സ്ഥലത്തും ഇളകി കിടക്കുന്ന തിനാൽ റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ അടിയന്തിരമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. ചിങ്ങവല്ലം മിനിവാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച കിണറിൽ സമീപസ്ഥ കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനായി സ്ഥാപിച്ച പൈപ്പുലൈൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാതെ സ്ഥാപിച്ചതിനാൽ പൊട്ടിപ്പോയെന്നും ഇപ്പോൾ പ്രസ്തുത കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുന്നിൻമുകളിലുള്ള ടാങ്കിൽ നിന്നും താഴോട്ടുള്ള വ്യത്യസ്ത കണക്ഷനുകളിലേക്ക് ജലത്തിന്റെ സമ്മർദ്ദം താങ്ങത്തക്ക രീതിയിൽ പൈപ്പ്‌ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുവാൻ നടപടി സ്വീകരിക്കണമെന്നും ഇതിലേക്കായി വാട്ടർ അതോറിറ്റിയുടെ വൈദഗ്ദ്ധ്യവും സേവനവും പ്രയോജനപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ശരിയായ

ആസൂത്രണമില്ലാതെ ചെയ്തതിനാലാണ് പദ്ധതി തകരാറിലായതെന്നും ആയതിനാൽ ഇത്തരം പദ്ധതികൾ സാങ്കേതിക വിദഗ്ധരുടെ സഹായ ത്തോടെയും പദ്ധതിയെക്കുറിച്ച് പൂർണ്ണമായി ആസൂത്രണം നടത്തിയും മാത്രമേ നടപ്പാക്കാവൂ എന്നും സമിതി ശുപാർശ ചെയ്യുന്നു.

48. ചണ്ണോത്തുകൊല്ലി വാട്ടർ സപ്ലൈ പദ്ധതിയിൽ ഗുണഭോക്താക്കളുടെ വീടുകൾ പദ്ധതിയ്ക്കായി നിർമ്മിച്ച കിണറിൽ നിന്നും അകലെയായതിനാൽ വെള്ളം കോരിയെടുത്ത് കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ടാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിൽ നിർദ്ദേശിച്ച മറ്റ് പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കൾ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

49. മറ്റു പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പദ്ധതികൾ ഗുണ ഭോക്താക്കൾക്ക് വളരെ പ്രയാജനപ്രദവും ചെലവു കുറവുള്ളതും ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും പൂർത്തീകരിച്ച പദ്ധതികൾ കാലാകാലങ്ങളിൽ അറ്റകുറ്റപണി നടത്തി പരിപാലിക്കുവാൻ ജാഗ്രത പുലർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

50. പ്രസ്തുത ആഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കണ്ണൂർ ജില്ല

### തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

കുരുമുളക് കൃഷി വികസനം വിനിയോഗിക്കാത്ത ചെലവ്

"പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്ടാവശ്യത്തിനുള്ള കുരുമുളക് ലഭ്യമാക്കുക എന്ന പദ്ധതി പ്രകാരം കുറ്റി കുരുമുളകു ചെടി നൽകുന്ന തിനുവേണ്ടി ചെടിക്ക് 20 രൂപ നിരക്കിൽ 2000 ചെടിയ്ക്കായി 40,000 രൂപ 24-3-1999-ൽ കോക്കനട്ട് നഴ്സറി പരപ്പനങ്ങാടിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആഡിറ്റ് നടക്കുന്ന (1999 ഡിസംബർ) സമയംവരെ കുരുമുളക് ചെടികൾ ലഭ്യമായതായി കാണുന്നില്ല. 1998-99-ൽ നടപ്പിലാക്കേണ്ട പദ്ധതി സമയപരിധി കഴിഞ്ഞിട്ടും പ്രാരംഭഘട്ടം പോലും പൂർത്തിയാക്കാതെ സാമ്പത്തിക നഷ്ടം മാത്രമുണ്ടാക്കിയത് ഗുരുതരമായ വീഴ്ചയായി ആഡിറ്റ് വിലയിരുത്തുന്നു".

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.72.(എ)]

ഓഡിറ്റ് ഖണ്ഡികക്ക് 30-9-2004 ലെ32300/IXD4/04/CRD നമ്പർ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ നൽകിയ മറുപടി :-

51. "1998-99 വർഷത്തിൽ പ്രോജക്ട് നമ്പർ 121/98-99 പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഇ( 64) /98 നമ്പർ 17-2-99-ലെ കത്ത് പ്രകാരമാണ് പദ്ധതി നടത്തിപ്പിന് നിർദ്ദേശം ലഭിച്ചത്. പദ്ധതിക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം 28-10-1998-നാണ് ലഭിച്ചത്. പദ്ധതി പ്രകാരം കുറ്റി കുരുമുളക് ചട്ടിയിൽ നട്ടുപിടിപ്പിച്ചത് ഒരു ചട്ടിക്ക് 50 രൂപാ നിരക്കിൽ 3100 എണ്ണത്തിന് 1,55,000 രൂപയും പഞ്ചായത്ത് വരെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജിനത്തിൽ 15,000 രൂപയും അടക്കം 1,70,000 രൂപ പ്ലാൻ ഫണ്ടായും, പഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കളിലേക്ക് ട്രാൻസ്പോർട്ടിംഗ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ വിഹിതമായി 9300 രൂപയും ഉൾപ്പെടെ മൊത്തം അടങ്കൽ തുക 1,79,300 രൂപയാണ് . 3100 എണ്ണം കുറ്റികുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിന് 1100 എണ്ണം ആറളം സെൻട്രൽ സ്റ്റേറ്റ് ഫാമിൽ നിന്നും 2000 എണ്ണം കോക്കനട്ട് നഴ്സറി പരപ്പനങ്ങാടിയിൽ നിന്നും വാങ്ങുന്നതിനാണ് തുക നൽകിയത്. ഇതിൽ കോക്കനട്ട് നഴ്സറി പരപ്പനങ്ങാടിയിൽ നിന്നും 2000 എണ്ണം കുറ്റികുരുമുളക് തൈകൾ വാങ്ങുന്നത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശം.

52. 10-3-99-ന് കൃഷി വകുപ്പിന്റെ ജില്ലാ കൃഷി ഫാം, കോഴ മാവേലിക്കര, സീഡ് ഗാർഡൻ കോംപ്ലക്സ് മുണ്ടേരി , കോക്കനട്ട് നേഴ്സറി പരപ്പനങ്ങാടി എന്നീ സർക്കാർ ഫാം അധികാരികളോട് ആവശ്യമായ കുറ്റികുരുമുളകു തൈകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 10-3-99-ലെ ടി.ബി.(1) 3074/99 കത്ത് പ്രകാരം ആവശ്യമായ 2000 കുറ്റി കുരുമുളകു തൈകൾ പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിൽ അഡ്വാൻസ് തുക അടച്ചാൽ ലഭ്യമാക്കാമെന്ന് അറിയിപ്പ് ലഭിക്കുകയുണ്ടായി. 18-3-1999-ന് പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിൽ നിന്നും 2000 ബുഷ് പെപ്പറിന് 20 ക. നിരക്കിൽ 40000 രൂപയുടെ ഇൻവോയീസ് ലഭിച്ചതിന്റെയും 19-3-1999-ന് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അധികാര കത്ത് നമ്പർ 30 പ്രകാരം ലഭിച്ച ഫണ്ടിന്റെയും അടിസ്ഥാനത്തിൽ തലശ്ശേരി സബ് ട്രഷറി 24-3-99-ലെ ഒന്നാം നമ്പർ ചെല്ലാൻ പ്രകാരം 40,000 രൂപ പരപ്പനങ്ങാടി കോക്കനട്ട് നഴ്സറി കൃഷി ഓഫീസറുടെ പേരിൽ 2000 എണ്ണം കുറ്റികുരുമുളക് ചെടിയുടെ വിലയടച്ചു ചെല്ലാൻ അയച്ചുകൊടുക്കുകയുമാണ് ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ സി.എൻ.പി. ഐ.പി.ഡി.എസ്. 73/99 നം. 2-6-99-ലെ കത്ത് പ്രകാരം പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിൽ നിന്നും 1999 ജൂലൈ മാസത്തിൽ 2000 തൈകൾ വിതരണം ചെയ്യാമെന്നും അറിയിച്ചിരിക്കുന്നു.

53. 4-9-1999-ലെ പരപ്പനങ്ങാടി കൃഷി ഓഫീസറുടെ കത്ത് പ്രകാരം കോക്കനട്ട് നേഴ്സറി ഉല്പാദിപ്പിച്ച കുരുമുളക് തൈകൾ ഫൈറ്റ് ഓഫ്തോറ (കുമിൾ) രോഗബാധ കാരണം നശിച്ചുപോയതിനാൽ 2000 എണ്ണം തൈകൾ ഉടനെ നൽകുവാൻ സാധിക്കാതെ വന്നിരിക്കുന്നുവെന്നും , ആയത് വീണ്ടും ഉല്പപ്പാദിപ്പിച്ച് നൽകുന്നതാണെന്നും തലശ്ശേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറേയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയേയും അറിയിക്കുകയുണ്ടായി.

9-2-2000 , 3-5-2000, 25-6-2000, 23-6-2000-ൽ തലശ്ശേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പരപ്പനങ്ങാടി കോക്കനട്ട് നഴ്സറി കൃഷി ഓഫീസറോട് ഉടൻതന്നെ തൈവിതരണം ചെയ്യാൻ സാധിക്കുന്ന ദിവസം അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. 13-6-2000-ന് കോക്കനട്ട് നേഴ്സറി പരപ്പനങ്ങാടിയിൽ നിന്നും 2000 ജൂലൈ 17 നകം തൈകൾ വിതരണം ചെയ്യാമെന്നറിയിപ്പ് ലഭിച്ചു. ഇതു പ്രകാരം തൈകൾ ലഭിക്കാത്തതിനാൽ 15-7-2000-ന് കൃഷി ഓഫീസർ പരപ്പനങ്ങാടിക്ക് വീണ്ടും കത്തയക്കുകയും കുരുമുളകുതൈകൾ വിവിധ കൃഷി ഭവനുകളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള പട്ടിക തയ്യാറാക്കുകയും ചെയ്തു. 9-8-2000-ന് പരപ്പനങ്ങാടി കോക്കനട്ട് കൃഷി ഓഫീസറോട് 2000 ആഗസ്റ്റ് 15നകം തൈകൾ വിതരണം ചെയ്യാൻ സാധിക്കാതെ വരികയാണെങ്കിൽ തുക തിരിച്ചു നൽകണമെന്നാവശ്യപ്പെട്ട് കത്ത് എഴുതുകയുണ്ടായി. 25-8-2000, 15-10-2000-ലെ കത്തു പ്രകാരം കൃഷി ഓഫീസർ കോക്കനട്ട് നഴ്സറി പരപ്പനങ്ങാടി 1000 തൈകൾ ഉടൻ നൽകാമെന്നും ശേഷിക്കുന്ന 1000 തൈകൾ അടുത്ത വർഷം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 18-10-2000-ന് പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിൽ നിന്നും 230 ഗുണമേന്മയുള്ള തൈകൾമാത്രം ലഭിക്കുകയും 7-11-2000-ന് ശേഷിക്കുന്ന തുക തിരികെ നൽകാൻ കോക്കനട്ട് നഴ്സറി കൃഷി ഓഫീസറോട് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 16-11-2000-ൽ തുക തിരികെ നൽകുന്നതിനു മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറോട് അനുമതി ചോദിച്ചുകൊണ്ട് പരപ്പനങ്ങാടി കൃഷി ഓഫീസർ അപേക്ഷിക്കുകയുണ്ടായി. 29-11-2000-ലെ ടി.ബി. (1) 13422/00-ലെ കത്ത് പ്രകാരം 1000 തൈകൾ മുണ്ടേരി വിത്ത് കൃഷി തോട്ടത്തിൽ നിന്നും 800 തൈകൾ ചുങ്കത്തറ കൃഷിത്തോട്ടത്തിൽ നിന്നും അടുത്ത വർഷം ഉല്പ്പാദിപ്പിച്ചു വിതരണം ചെയ്യുവാൻ നിർദ്ദേശം ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 29-6-2001, 5-10-2001, 6-11-2002 എന്നീ തീയതികളിലായി ശേഷിക്കുന്ന 970 എണ്ണം തൈകൾ മുണ്ടേരി ഫാമിൽ 800 എണ്ണം ചുങ്കത്തറ ഫാമിൽ നിന്നും ലഭിക്കുകയുണ്ടായി. ആയത് കർഷകർക്ക് നൽകി 11-11-2002-ന് വിതരണം പൂർത്തീകരിക്കുകയും ചെയ്തു.

54. മേൽ വിവരിച്ച സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും മനപൂർവ്വമായ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലെന്നും തൈകൾ ഉല്പാദിപ്പിക്കുന്നതിന് രോഗബാധമൂലം ഉണ്ടായ പ്രതികൂല സാഹചര്യം കാരണമാണ് പദ്ധതി നടത്തിപ്പ് വൈകാൻ കാരണമായതെന്നും സമയ പരിധി കഴിഞ്ഞിട്ടും പ്രാരംഭഘട്ടം പോലും പൂർത്തിയാകാതെ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയെന്ന ഓഡിറ്റ് പരാമർശം നീക്കി ഉത്തരവാകണമെന്നും വിനീതമായി അപേക്ഷിക്കുന്നു.”

55. 1999-2000-ൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്ടാവശ്യത്തിനുള്ള കുരുമുളക് ലഭ്യമാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിക്കായി കുരുമുളക് തൈ ലഭിക്കുവാൻ ഇത്രമാത്രം താമസം നേരിട്ടതുകൊണ്ടാണെന്ന് സമിതിയാരാഞ്ഞതിന്, പദ്ധതിക്ക് അംഗീകാരം ലഭിച്ചത് മാർച്ച് മാസത്തിലാണെന്നും അപ്പോൾതന്നെ മാവേലിക്കര, കോഴ, പരപ്പനങ്ങാടി, ആറളം എന്നീ നഴ്സറികളിലേക്ക് പദ്ധതിക്കാവശ്യമായ 3600 ഓളം തൈകൾ ലഭ്യമാണോ എന്നാരാഞ്ഞുകൊണ്ട് കത്തയച്ചുവെന്നും പരപ്പനങ്ങാടിയിൽ നിന്ന് രണ്ടായിരം തൈകൾ

നൽകാമെന്നറിയിച്ചുകൊണ്ട് കത്തു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടായിരം തൈകൾക്കായി നാൽപ്പതിനായിരം രൂപ സബ്ട്രഷറിയിൽ അടച്ച് ചെല്ലാൻ തലശ്ശേരി കോക്കനട്ട് നേഴ്സറിക്കയച്ചുകൊടുത്തിരുന്നു. സാധാരണയായി കുറ്റികുരുമുളക് മാർച്ച് ഏപ്രിൽ മാസങ്ങളിൽ പാകിയിട്ടാണ് എടുക്കുന്നതെന്നും അതുകൊണ്ടുതന്നെ 1998-99 സാമ്പത്തിക വർഷം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞി ല്ലായെന്നും ജൂലൈയിൽ തൈകൾ തരാമെന്നായിരുന്നറിയിച്ചതെങ്കിലും അവിടെ ഉണ്ടായിരുന്ന കുരുമുളക് തൈകൾക്ക് ഫൈറ്റ് ഓഫ് തോറ എന്ന കുമിൾ രോഗം വന്ന് നശിച്ചുപോയെന്നും, അതിനാൽ വീണ്ടും ഉൽപ്പാദിപ്പിച്ച് തരാമെന്നറിയിച്ചു വെന്നും മുൻകൂർ അടച്ച തുക തിരികെ നൽകണമെന്നാവശ്യപ്പെട്ടപ്പോൾ 230 തൈകൾ നൽകിയെന്നും ശേഷിക്കുന്ന 1770 തൈകൾ മറ്റു രണ്ടു ഫാമിൽ നിന്നാണ് വാങ്ങിയതെന്നും അതുകൊണ്ടാണ് പദ്ധതി തുടങ്ങാൻ വൈകിയതെന്നും കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

56. സമിതിക്ക് രേഖാമൂലം നൽകിയ മറുപടിയിൽ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം 28-10-1998-ലാണ് ലഭിച്ചതെന്നും അതനുസരിച്ചാണെങ്കിൽ പദ്ധതി നാലുമാസത്തോളം വൈകിക്കാൻ കാരണം പഞ്ചായത്തധികൃതരുടെ അനാസ്ഥയല്ലേയെന്നും സമിതി ആരാഞ്ഞതിന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുക്കുന്ന മുറയ്ക്ക് നിർവ്വഹണോദ്യോഗസ്ഥന് കൈ മാറുകയാണ് പതിവെന്ന് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

57. തൈകൾ കൃത്യ സമയത്തു ലഭ്യമാക്കാഞ്ഞപ്പോൾ എന്തുകൊണ്ടാണ് ആദ്യംതന്നെ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറെ അറിയിക്കാതിരുന്നതെന്നും ഏറ്റവും കൂടുതൽ കുരുമുളക് തൈകൾ ലഭിക്കുന്ന ആറളം ഫാമിനേയും പന്ന്യയൂർ ഫാമിനേയും, തളിപ്പറമ്പിലെ ജില്ലാ കൃഷി ഫാമിനേയും ഒഴിവാക്കി പരപ്പനങ്ങാടിയിൽ നിന്നോ മുണ്ടേരിയിൽ നിന്നോ വാങ്ങണമെന്ന് നിർദ്ദേശമുണ്ടാ യിരുന്നോയെന്നും സമിതി അന്വേഷിക്കുകയുണ്ടായി. ആറളം സ്റ്റേറ്റ് ഫാമിൽ ആദ്യം തൈകൾ ലഭ്യമല്ലായെന്നാണറിയിച്ചതെന്നും പിന്നീട് അവിടെ നിന്നാണ് 1600 തൈകൾ വാങ്ങിയതെന്നും എല്ലാ ഫാമിലേക്കും കത്ത് അയച്ച് അന്വേഷിച്ച താണെന്നും തലശേരി ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തി.

## നിഗമനങ്ങൾ/ശുപാർശകൾ

58 ബ്ലോക്കുപഞ്ചായത്തുകൾ ഒരു പദ്ധതി നടപ്പാക്കാനായി ആലോചിക്കു മ്പോൾ ആ പദ്ധതികൊണ്ടുണ്ടാകുന്ന നേട്ടങ്ങളേയും കോട്ടങ്ങളേയും കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൗൺസിലിന് പൂർണ്ണമായ വിവരം നൽകിയിരിക്ക ണമെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

59. കാർഷിക പദ്ധതികൾ നടപ്പാകുമ്പോൾ അതാതു കാർഷിക വിളകളുടെ സീസണിൽ തുടങ്ങാവുന്ന തരത്തിൽ ആസൂത്രണം ചെയ്യേണ്ടതാണെന്നും അങ്ങനെയല്ലാതെ തുടങ്ങുന്ന പദ്ധതികൾകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കില്ലാ എന്നതിന് ഉത്തമ ഉദാഹരണമാണ് ഈ പദ്ധതിയെന്നും സമിതി അഭിപ്രായപ്പെടുന്നു.

60. കാർഷിക പദ്ധതി നടപ്പാക്കുമ്പോൾ പ്രസ്തുത പദ്ധതിക്കാവശ്യമായ വിത്തിനങ്ങളും തൈകളും പദ്ധതിയുടെ സമീപപ്രദേശത്തുതന്നെയുള്ള സർക്കാർ അംഗീകൃത കാർഷിക ഏജൻസികളിൽ നിന്നും ശേഖരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട് നിർവ്വഹണണോദ്യോഗസ്ഥരായി നിയോഗിക്കുന്ന കൃഷി വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്നും സമിതി ശുപാർശ ചെയ്യുന്നു.

ആഡിറ്റ് ഖണ്ഡിക

വില നൽകിയ സി.എഫ് ലാമ്പുകൾ ലഭ്യമാക്കാത്തത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 10 പഞ്ചായത്തുകളിൽ 50 വീതം സി.എഫ്.എൽ. ലാമ്പുകൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ 50,000 രൂപയും (വൗച്ചർ 417/97-98 (59,500 രൂപയും) വൗച്ചർ 1/98-99) ടി.കെ. ഇലക്ട്രോണിക്സ് മനേക്കര എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 1,09,500 രൂപയ്ക്കുള്ള സി.എഫ്.എൽ. ലാമ്പുകൾ മേൽ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന്റെയോ വിതരണം ചെയ്തതിന്റെയോ ഒരു രേഖയും ഹാജരാക്കപ്പെട്ടിട്ടില്ല. വൻ തുക ഇത്തരത്തിൽ നിരുത്തരവാദപരമായി ചെലവഴിക്കുകയും മതിയായ രേഖകൾ സൂക്ഷിക്കാതിരിക്കുകയും ചെയ്തവർക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.72.(ബി)]

ഓഡിറ്റ് ഖണ്ഡികക്ക് 30-9-2004-ലെ 32300/IXD4/04/CRD നമ്പർ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

61. "1997-98-ാം പദ്ധതി വർഷത്തിൽ ജനകീയാസൂത്രണം പദ്ധതിയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായാണ് സി.എഫ്.ലാമ്പുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചത്. പ്രോജക്ട് നടപ്പിലാക്കുന്നതിന് ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്കിൽ ടെൻഡർ സമർപ്പിച്ച (219 രൂപ) ടി. കെ. ഇലക്ട്രോണിക്സ്, മനേക്കര, പന്ന്യന്നൂർ. പി.ഒ,. എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് 219 രൂപ നിരക്കിൽ 500 സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓഡർ നൽകുകയും ചെയ്തു. പ്രസ്തുത സ്ഥാപനം സപ്ലൈ ഓഡർ അനുസരിച്ച് 30-6-1998-ന് 500 സി.എഫ്. ലാമ്പുകൾ നൽകിയതിനെത്തുടർന്ന് 3-6-1998 ന് 222213 നമ്പർ ചെക്ക് പ്രകാരം 50,000 രൂപയും (വൗച്ചർ നമ്പർ 417/97-98), 17-9-1998-ലെ 222236 നമ്പർ ചെക്ക് പ്രകാരം 59,500 രൂപയും (വൗച്ചർ നമ്പർ1/98-99) നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സി.എഫ്. ലാമ്പുകൾ സ്റ്റോക്ക് രജിസ്റ്ററിലെ 26-ാം പേജിൽ രേഖപ്പെടുത്തി 1998 ആഗസ്റ്റ് മാസത്തിൽ തലശ്ശേരി ബ്ലോക്കിലെ 10 പഞ്ചായത്തുകളിൽ 50 ലാമ്പുകൾ വീതം ഗ്രാമപഞ്ചായത്തു മുഖേന വിതരണം നടത്തിയിട്ടുണ്ട്. ആയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്ന് ലഭിച്ച കൈപ്പറ്റു രശീതും വിതരണം നടത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റും ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നും ബോധിപ്പിക്കുന്നു."

62. 1998 ആഗസ്റ്റ് മാസത്തിൽ തന്നെ എല്ലാ പഞ്ചായത്തുകൾക്കും സി.എഫ്. ലാമ്പുകൾ വിതരണം ചെയ്തുവെന്നും ഗുണഭോക്തൃ ലിസ്റ്റും, അവ ഏറ്റുവാങ്ങിയ പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നുള്ള കൈപ്പറ്റു രസീതും ഫയലിലുണ്ടെന്നും തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പു വേളയിൽ സമിതിയെ അറിയിച്ചു.

63. ടെണ്ടർവഴിയാണ് സി.എഫ്. ലാമ്പുകൾ വാങ്ങിയതെന്നും പഞ്ചായത്തിനു ലഭിച്ച അഞ്ചു ടെൻഡറുകളിൽ ഒന്നിന് 219 രൂപ നിരക്കിലുള്ള ടി.കെ. ഇലക്ട്രോണിക്സിന്റെ ടെൻഡറാണ് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചതെന്നും ഒരു പഞ്ചായത്തിന് 50 ലാമ്പ് എന്ന കണക്കിൽ 10 പഞ്ചായത്തിനായി 500 ലാമ്പുകൾ വാങ്ങിയെന്നും, 1998 ഓഗസ്റ്റിൽ തന്നെ എല്ലാ പഞ്ചായത്തിനും നൽകിയെന്നും ഓരോ പഞ്ചായത്തിലേയും ഗുണഭോക്താക്കളുടെ ലിസ്റ്റും രസീതുമുണ്ടെന്നും തുക കൊടുത്തതിന്റെ വൗച്ചറുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

64. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയ സി.എഫ്.ലാമ്പുകൾ ഇപ്പോഴുമുണ്ടോയെന്ന് സമിതിയാരാഞ്ഞതിന് രണ്ടു മൂന്നു പഞ്ചായത്തുകളിൽ പരിശോധന നടത്തിയപ്പോൾ സി.എഫ്. ലാമ്പുകൾ ലഭിച്ചതായി അറിയിച്ചിട്ടുണ്ടെന്നും ഒന്നേകാൽ വർഷമാണ് ഈ ലാമ്പുകളുടെ ഗ്യാരണ്ടിയെന്നും 1998-99 വർഷത്തിലാണ് ഇവ നൽകിയതെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

65. ബ്ലോക്ക് പഞ്ചായത്തുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്കായി സാധനങ്ങൾ വാങ്ങി നൽകുമ്പോൾ അവ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ , സാധനം വാങ്ങിയതിന്റെ നടപടിക്രമങ്ങൾ , രസീത്, വിതരണം ചെയ്തതു സംബന്ധിച്ച രജിസ്റ്റർ , ഗുണഭോക്താക്കളുടെ ലിസ്റ്റ് , കൈപ്പറ്റ് രസീത് , എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരിക്കണമെന്നും ഓഡിറ്റിന് ഇവ ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്നും പല ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിട്ടും പല ഉദ്യോഗസ്ഥരും അതു പാലിക്കാൻ കൂട്ടാക്കാതെ ഇതിനു വിരുദ്ധമായി പ്രവർത്തിക്കുകയും മതിയായ രേഖകൾ സൂക്ഷിക്കാതെ ഓഡിറ്റ് പരാമർശത്തിനിടയാക്കുകയും ചെയ്യുന്നു. നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

66. ഓഡിറ്റു പരാമർശത്തിനു ശേഷം ബന്ധപ്പെട്ട രേഖ കൃത്രിമമായി ഉണ്ടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക രേഖകളിൽ കൃത്രിമം കാണിച്ചതിന് ശിക്ഷാ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കൂത്ത്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

### പാർട്ട്ബിൽ തുക അധികം നൽകിയത് രൂപ 2,69,657

ആഡിറ്റ് ഖണ്ഡിക

" നബാർഡ് സ്കീം പ്രകാരമുള്ള മൂന്നാം പീടിക വട്ടിപ്രം റോഡ് പണികൾക്ക് പാർട്ട് ബിൽ തുക 4,46,569 രൂപ കൺവീനർക്കു നൽകുകയുണ്ടായി. മൊബി ലൈസേഷൻ അഡ്വാൻസ് ആയി നേരത്തെ നൽകിയിരുന്ന 50,000 രൂപ കുറച്ച തിനുശേഷമുള്ള തുകയാണിത്. എന്നാൽ സെക്വേർഡ് അഡ്വാൻസായി ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും മുമ്പ് നൽകിയിരുന്ന 3,00,000 രൂപ കിഴിക്കാതെയാണ് പാർട്ട് ബിൽ തുക നൽകിയിരിക്കുന്നത്. പാർട്ട് ബിൽ പ്രകാരം നൽ കാവുന്ന പരമാവധി തുക 1,96,569 രൂപയുടെ 90% മാത്രമാണ് എന്നിരിക്കെ 4,46,569 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയതുവഴി 2,69,657 രൂപ അധികം നൽകാൻ ഇടയായി."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.114]

ഓഡിറ്റ് ഖണ്ഡികക്ക് 30-9-2004-ലെ 32300/IXD4/04/CRD നമ്പർ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

67. "RiDF III-ൽ 1998-99 വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തിയാണ് മൂന്നാം പീടിക-വട്ടിപ്രം റോഡ് 2001-2002 വർഷത്തിൽ ഈ പ്രവർത്തി പൂർത്തീകരിക്കുകയും 49,13,253 രൂപയുടെ അന്തിമ ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തിക്ക് 4 പാർട്ട് ബില്ലുകളും 4 അഡ്വാൻസ് ഇനത്തിലും നൽകിയ 44,49,133 രൂപ കഴിച്ച് അന്തിമ ബിൽ പ്രകാരം 4,64,120 രൂപാ കൺവീനർക്ക് കൊടുക്കുവാനുണ്ട്. 49-04 ലക്ഷം രൂപയ്ക്കുളള ക്ളെയിം നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. അതിനാൽ കൺവീനർക്ക് നൽകിയ അഡ്വാൻസ് തുകകളെല്ലാം തന്നെ അന്തിമ ബില്ലിൽ ക്രമപ്പെടുത്തിയിട്ടുണ്ട്.

68. ഈ സാഹചര്യത്തിൽ കൺവീനറിൽ നിന്നും തുകയൊന്നും തിരിച്ചു പിടിക്കാനില്ലെന്നും പകരം 4,64,120 രൂപാ കൊടുക്കുവാനാണുള്ളതെന്നും ബോധിപ്പിക്കുന്നു."

69. നബാർഡ് സ്കീം പ്രകാരമുള്ള മൂന്നാം പീടിക വട്ടിപ്രം റോഡ് പണിക്ക് നൽകിയ 4,46,569 രൂപയിൽ നിന്ന് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 50,000 രൂപ കുറച്ചുവെങ്കിലും സെക്വേർഡ് അഡ്വാൻസായി കൺ വീനർക്ക് നൽകിയ 3,00,000 (മൂന്ന്ലക്ഷം)രൂപ കുറവു ചെയ്തില്ല എന്ന ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് സമിതിയാരാഞ്ഞതിന് പണി പൂർത്തീകരിച്ച് അന്തിമ ബിൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ടെന്നും അന്തിമ ബില്ലിൽ സെക്വേർഡ് അഡ്വാൻസ് കുറച്ചിട്ടുണ്ടെന്നും കൺവീനർ വർക്കായതിനാൽ പണി പെട്ടെന്ന് പൂർത്തിയാക്കുന്നതിനായിട്ടാണ് സെക്വേർഡ് അഡ്വാൻസ് കൊടുത്തതെന്നും കൂത്തു പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

70. മുൻകൂർ നൽകിയതിലെ നടപടിക്രമത്തിലാണ് തെറ്റുപറ്റിയിരിക്കുന്നതെന്നും അതിന്റെ സാധൂകരണത്തിനായി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നും സമിതി ആരായുകയുണ്ടായി. സാധാരണയായി 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസും സാധന വിലയുടെ 75 ശതമാനംവരെ സെക്വേർഡ് അഡ്വാൻസും നൽകാമെന്നും ഈ തുക പാർട്ട് ബില്ലിൽ കുറവുചെയ്യണമെന്നാണെന്നും ഇവിടെ ആ തുക കുറയ്ക്കാതെ പാർട്ട് ബിൽ കൊടുത്തുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും പണി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതുകൊണ്ടും സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലാത്തതിനാലും പിഴപലിശയുടെ ആവശ്യവും വരുന്നില്ലായെന്നും സ്റ്റേറ്റ് പെർഫോമെൻസ് ആഡിറ്റ് ഓഫീസർ സമിതി മുൻപാകെ വെളിപ്പെടുത്തി. ടി പ്രവൃത്തി സംബന്ധിച്ച് എം.ബുക്കും മറ്റു രേഖകളും ഓഡിറ്റിനു യഥാസമയം ഹാജരാക്കിയിരുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരെ സർക്കാർ തിരിച്ചുവിളിച്ചതിനാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റുചെയ്യാനായി കൊടുക്കേണ്ടതാരാണെന്ന ആശയക്കുഴപ്പത്തിലായിരുന്നതിനാലാണ് അങ്ങനെ സംഭവിച്ചതെന്ന് കൂത്തുപറമ്പ് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

71. പദ്ധതികൾക്കായി കൺവീനർക്ക് മുൻകൂർ നൽകുമ്പോൾ പാർട്ട് ബില്ലിൽ പ്രസ്തുത മുൻകൂർ കുറച്ചതിനുശേഷം മാത്രമേ ബിൽ പാസ്സാക്കാവൂ എന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശചെയ്യുന്നു.

72. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

### റോഡ് പണിക്ക് അധികം തുക നൽകി.

"32,12,000 രൂപ എസ്റ്റിമേറ്റുള്ള കോളിക്കടവ്-ചെന്നലോട്-വട്ട്യം പായം റോഡ് പ്രവൃത്തിയുടെ 10% തുകയായ 3,21,200 രൂപയാണ് 1999-2000 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ചെയ്ത പ്രവർത്തിയുടെ മൂല്യത്തിന്റെ 90% മാത്രമേ പാർട്ട് ബിൽ പ്രകാരം നൽകാവൂ എന്ന ഉത്തരവ് നിലനിൽക്കേ ടി പ്രവൃത്തിക്ക് 2,09,059 രൂപ പൂർണ്ണമായും നൽകിയിരിക്കുകയാണ്. അധികം നൽകിയ തുക 20,905 രൂപ"

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V. 115]

ഓഡിറ്റ് ഖണ്ഡികക്ക് 30-9-2004-ലെ 32300/IXD4/04/CRD നമ്പർ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

73. "RIDF 111-ൽ 1999-2000 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തിയാണ് കോളിക്കടവ്-ചെന്നലോട്-വട്ട്യം-പായം റോഡ്. പദ്ധതി നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ കമ്മിറ്റി ആയതുകൊണ്ടാണ് 10% റീടെൻഷൻ തുക പിടിക്കാതെ പാർട്ട് ബില്ല് പ്രകാരമുള്ള മുഴുവൻ തുകയും പ്രവൃത്തിയുടെ കൺവീനർക്ക് അനുവദിക്കുവാൻ ഇടയായത്. ഇക്കാര്യത്തിൽ ഈ ഓഫീസിനുവന്ന. വീഴ്ച മാപ്പാക്കി ആഡിറ്റ് തടസ്സവാദം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. റോഡിന്റെ പ്രവൃത്തി 16-2-2001-ന് പൂർത്തിയാക്കിയിട്ടുണ്ട്. DLTC അംഗീകരിച്ച അന്തിമ ബിൽ തുക 29,63,312 രൂപയിൽ 26,67,000 രൂപ RIDF വിഹിതവും 2,96,312 രൂപാ ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമാണ്. RIDF അന്തിമ റീഇംപേഴ്സ്മെന്റ് ക്ളെയിം 3,19,000 രൂപാ 31-3-2004-ന് ഗ്രാമവികസന കമ്മീഷണറിൽ നിന്നും ലഭിക്കുകയും അന്തിമ ബിൽ തുക അന്നുതന്നെ. കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൺവീനർക്ക് അധികം നൽകിയ 10% തുക 20,905 രൂപാ അന്തിമ ബില്ലിൽ ക്രമപ്പെടുത്തിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. ന്യൂനതയിൽ പരാമർശിച്ച M.BOOK NO. 18/99-2000 പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്."

74. ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ 90 ശതമാനം മാത്രമേ പാർട്ട് ബിൽ പ്രകാരം നൽകാവൂ എന്ന ഉത്തരവ് നിലനിൽക്കേ 32,12,000 രൂപ എസ്റ്റിമേറ്റുള്ള കോളിക്കടവ്-ചെന്നലോട്-വട്ട്യം-പായം റോഡ് പ്രവൃത്തിക്ക് മുഴുവൻ തുകയും നൽകിയതെന്തിനാണെന്ന് തെളിവെടുപ്പുവേളയിൽ സമിതി ആരായുകയുണ്ടായി. പദ്ധതി നിർവ്വഹണം നടത്തുന്നത് ഗുണഭോക്തൃകമ്മിറ്റി ആയതുകൊണ്ടാണ് 10 ശതമാനം റീടെൻഷൻ തുക പിടിക്കാതെ പാർട്ട് ബിൽ പ്രകാരമുള്ള മുഴുവൻ തുകയും പ്രവൃത്തിയുടെ കൺവീനർക്കനുവദിക്കുവാൻ ഇടയായതെന്ന് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

75. കൺവീനർമാർക്ക് മുഴുവൻ തുകയും നൽകുന്നതിന് നിയമമുണ്ടോയെന്നും സമിതി ആരാഞ്ഞതിന് റീടെൻഷൻ തുക പിടിക്കേണ്ടതായിരുന്നുവെന്നും അന്തിമ ബില്ലിൽ പ്രസ്തുത ന്യൂനത പരിഹരിച്ചിട്ടുണ്ടെന്നും എം.ബുക്ക് പരിശോധനയ്ക്കായി നൽകിയിട്ടുണ്ടെന്നും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

76. കൺവീനർക്ക് നൽകിയ തുക അന്തിമ ബില്ലിൽ ക്രമപ്പെടുത്തിയിട്ടുള്ളതിനാലും, പ്രസ്തുത റോഡുപണി പൂർത്തീകരിച്ചിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കാസർകോഡ് ജില്ല

### കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

മരാമത്ത് പണികൾക്ക് മുൻകൂർ കൊടുത്തത്-30-6-1998-ന് മുമ്പ് പണികൾ പൂർത്തിയാക്കാത്തത്

"താഴെ വിവരിക്കുന്ന ജോലികൾക്ക് ബന്ധപ്പെട്ട കൺവീനർമാർക്ക് 1997-98-ന് നൽകിയ മുൻകൂറുകളുടെ വിനിയോഗം അനുവദനീയമായ കാലയളവിനുള്ളിൽ നടത്തി പണികൾ പൂർത്തിയാക്കിയതായി കാണുന്നില്ല.

1. കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിലെ ബഡൂർ എട്ട്പൊതിപ്പാട് റോഡിന്റെ നിർമ്മാണത്തിന് 16-4-1998-ന് കൺവീനർക്ക് 50,000 രൂപ അഡ്വാൻസ് കൊടുത്തത്.
2. പനത്തടി പട്ടികജാതി കോളനി റോഡ് ടാറിംഗ് 22-4-1998-ന് കൺവീനർക്ക് 50,000 രൂപ അഡ്വാൻസ് കൊടുത്തു.
3. പനത്തടി ഗ്രാമപഞ്ചായത്തിലെ പൂളിക്കടവ് ടാങ്കിന്റെ നിർമ്മാണത്തിന് 24-4-1998-ൽ കൺവീനർക്ക് 29,250 രൂപ നൽകിയത്.
4. കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ അയറോട്ട് പാലപ്പുഴ കൾവർട്ടിന്റെ നിർമ്മാണത്തിന് 26-5-1998-ന് കൺവീനർക്ക് 50,000 രൂപ അഡ്വാൻസ് കൊടുത്തത്.
5. കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ പാലപ്പുഴ കൾവർട്ടിന്റെ നിർമ്മാണത്തിന് 11-6--1998-ന് കൺവീനർക്ക് 62,500 രൂപ രണ്ടാമത്തെ അഡ്വാൻസ് കൊടുത്തത്.
6. പനത്തടി പഞ്ചായത്തിലെ പൂക്കുന്നം S.C. കോളനി റോഡിന്റെ നിർമ്മാണം 11-6-1998-ന് 92,500 രൂപ കൺവീനർക്ക് രണ്ടാമത്തെ അഡ്വാൻസ് കൊടുത്തത്.
7. പനത്തടി ഗ്രാമപഞ്ചായത്തിലെ കരിപ്പാട് കുളം നിർമ്മാണത്തിന് 15-6-1998-ന് കൺവീനർക്ക് 28,750 രൂപ അഡ്വാൻസ് കൊടുത്തത്.

ആകെ 3,63,000 രൂപ

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.76 (a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32,300/Ir$D_4$/04/CRD നമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

ക്രമനമ്പർ.1

77. "ഈ പ്രവൃത്തി 16-4-1999-ന് പൂർത്തിയാക്കുകയും ഫൈനൽ ബിൽ പ്രകാരം ആകെ 3,18,625 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. "

ക്രമനമ്പർ 2

".ഈ പ്രവൃത്തി 13-8-98-ന് പൂർത്തിയാക്കുകയും ഫൈനൽ ബില്ല് പ്രകാരം ആകെ 2,99,744 രൂപയിൽ മുൻകൂർ കഴിച്ച് ബാക്കി തുക 22-12-1998-ന് നൽകുകയും ചെയ്തിട്ടുണ്ട്."

ക്രമനമ്പർ 3

"ഈ പ്രവൃത്തി 20-3-2000-ൽ പൂർത്തിയാക്കുകയും ഫൈനൽ ബിൽ പ്രകാരം ആകെ തുകയായ 1,11,395 രൂപയിൽ മുൻകൂർ കഴിച്ച് ബാക്കി തുക 29-3-2000-ന് നൽകുകയും ചെയ്തിട്ടുണ്ട്. "

ക്രമനമ്പർ 4

"ഈ പ്രവൃത്തി 15-6-99-ന് പൂർത്തിയാക്കുകയും ഫൈനൽ ബിൽ തുകയായ 2,92,123 രൂപയിൽ മുൻകൂർ കഴിച്ച് ബാക്കി 2-3-2000-ന് നൽകുകയും ചെയ്തിട്ടുണ്ട്. "

ക്രമനമ്പർ 5

"ഇത് ക്രമനമ്പർ 4-ൽ പറഞ്ഞിട്ടുള്ള പ്രവൃത്തിയാണ്. ആയതിനുള്ള വിശദീകരണം ഇതിനും ബാധകമാണ്."

ക്രമനമ്പർ 6

".ഈ പ്രവൃത്തി 13-8-1998-ന് പൂർത്തിയാക്കുകയും ഫൈനൽ ബില്ല് പ്രകാരം ആകെ 2,99,744 രൂപയിൽ മുൻകൂർ കഴിച്ച് ബാക്കി തുക 22-12-1998-ന് നൽകുകയും ചെയ്തിട്ടുണ്ട്. "

ക്രമനമ്പർ 7

"ഈ പ്രവൃത്തി 15-12-1999-ന് പൂർത്തിയാക്കുകയും ഫൈനൽ ബിൽ പ്രകാരമുള്ള 1,12,038 രൂപയിൽ മുൻകൂർ കഴിച്ച് ബാക്കി തുക 13-1-2000-ന് നൽകുകയും ചെയ്തിട്ടുണ്ട്."

78. "പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് 30-6-1998-ന് ആയിരുന്നു. മുൻകൂർ തുക അവസാന നാളുകളിലാണ് നൽകിയത്. മേൽ 1 മുതൽ 7 വരെ ഖണ്ഡികകളിൽ പ്രതിപാദിച്ച പ്രവൃത്തികൾ അടുത്ത വർഷം സ്പിൽ ഓവർ ആയി അംഗീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ തടസ്സവാദം ഒഴിവാക്കേണ്ടതാണ്. "

79. 30-6-1998-ന് മുമ്പ് പൂർത്തിയാക്കേണ്ട ഏഴോളം പണികളിൽ ഏതെല്ലാം പൂർത്തിയായെന്നും ഇവ സംബന്ധിച്ച ഓഡിറ്റിന് മറുപടി നല്കാൻ കാലതാമസമുണ്ടായതെന്തുകൊണ്ടാണെന്നും സമിതി ബ്ലോക്കു പഞ്ചായത്ത്

സെക്രട്ടറിയോട് ആരായുകയുണ്ടായി. ഓഫീസിൽ കെട്ടിവച്ചിരുന്ന ഫയലുകൾ പരിശാധിച്ചപ്പോഴാണ് ഓഡിറ്റിനെ സംബന്ധിച്ച ഫയലുകൾ കണ്ടെത്തിയതെന്നും ഏഴു പരാമർശങ്ങളിൽ രണ്ടെണ്ണം ഒരേ പണിയെ സംബന്ധിച്ചുള്ളതാണെന്നും രണ്ടാമത് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചശേഷം രണ്ടു റോഡിന്റെയും കുളത്തിന്റെയും പണി നടന്നിട്ടുണ്ടോയെന്നന്വേഷിച്ചുവെന്നും രണ്ടുകുളത്തിൽ ഒരെണ്ണം പുതുക്കി പണിയാൻ സാധിക്കാത്ത വിധം തകർന്നു കിടക്കുകയാണെന്നും കാഞ്ഞങ്ങാട് ബി ഡി.ഒ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

80. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നല്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാർ നിരുത്തരവാദപരമായിട്ടാണ് പെരുമാറുന്നത്. ഇത്തരം പ്രവണതകൾ അനുവദിക്കുവാൻ പാടില്ലായെന്നു സമിതി അഭിപ്രായപ്പെടുന്നു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ പരാമർശ വിധേയമായ കാലയളവിൽ ജോലി ചെയ്തിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ആഡിറ്റ് ഖണ്ഡിക

മറ്റു വകുപ്പുകളിൽ പണം നിക്ഷേപിച്ചത് 30-6-98 വരെ വിനിയോഗം സ്പഷ്ടമാക്കാത്തത്

താഴെ വിവരിക്കും പ്രകാരം ഒരു ഫോട്ടോ കോപ്പിയർ വാങ്ങുന്നതിനും വൈദ്യുതി വിതരണത്തിനു സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി പ്ലാൻ ഫണ്ടിൽ നിന്നും റൂറൽ ഡവലപ്മെന്റ് കമ്മീഷണർക്കും കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും തുകകൾ വകമാറിയിട്ടുണ്ട്. ഇതിന്റെ വിനിയോഗം 30-6-1998-നു മുമ്പു നടന്നതായോ ഈ തുകകൾ കെട്ടിവച്ചതിന് ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടതായോ പണം ചെലവാക്കിയതിന്റെ ഉദ്ദേശ്യം നടപ്പിലായതായോ അറിവില്ല.

1. റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർക്ക് ഫോട്ടോ കോപ്പി മെഷീനു വേണ്ടി 25-6-1998-ന് 1,00,000 രൂപ നൽകിയത്.

2. പനത്തടി പഞ്ചായത്തിലെ മാച്ചിപ്പള്ളി പനക്കയം പുലിക്കടവ് പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് വൈദ്യുതി ലൈൻ വലിയ്ക്കുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 26-6-98-ൽ 1,36,440 രൂപ ഡെപ്പോസിറ്റ് നൽകിയത്.

3. ചിത്താരി കാറ്റാടി കവലയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 29-6-1998-ൽ 2,88,200 രൂപ ഡെപ്പോസിറ്റ് നൽകിയത്.

4. പുളിക്കാലിലേയ്ക്ക് വൈദ്യുതി ലൈൻ വലിയ്ക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 29-6-98-ൽ 8,01,200 രൂപ ഡെപ്പോസിറ്റ് നൽകിയത്.

5. പുല്ലൂർ പെരിയ പഞ്ചായത്തിലെ പൂക്കളം ഹരിജൻ കോളനി വൈദ്യുതീകരണത്തിന് 30-6-1998-ന് 91,250 രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഡെപ്പോസിറ്റ് നൽകിയത്.

6. ബളാൽ പഞ്ചായത്തിലെ ആറ്റുകടവ് പൊടിപ്പള്ളം കടവിലെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 29-6-1998-ൽ 93,800 രൂപ ഡെപ്പോസിറ്റ് നൽകിയത്.

7. കണ്ണാടിപ്പാറയിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 30-6-1998-ൽ 1,62,205 രൂപ ഡെപ്പോസിറ്റ് നൽകിയത്.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 76(b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-9-2004-ലെ 32,300/Ir$D_4$/04/CRD നമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി :-

81. ക്രമനമ്പർ 1

"ഈ തുക 22-2-2003-ന് തിരിച്ചു ലഭിക്കുകയും അതേ വർഷം ജൂലൈ മാസത്തിൽ ഫോട്ടോ കോപ്പി മെഷീൻ വാങ്ങുകയും ചെയ്തിട്ടുള്ളതാണ്. തടസ്സവാദം ഒഴിവാക്കേണ്ടതാണ്. "

ക്രമനമ്പർ 2

"പ്രവൃത്തി 5/99-ൽ പൂർത്തിയാക്കിയിട്ടുണ്ട്. തടസ്സവാദം ഒഴിവാക്കേണ്ടതാണ്. "

ക്രമനമ്പർ 3

"ട്രാൻസ്ഫോർമർ 7/99-ൽ സ്ഥാപിച്ചിട്ടുണ്ട്. തടസ്സവാദം ഒഴിവാക്കേണ്ടതാണ്."

ക്രമനമ്പർ 4

"പ്രവൃത്തി 6/99-ൽ പൂർത്തിയാക്കിയിട്ടുണ്ട്. തടസ്സവാദം ഒഴിവാക്കേണ്ടതാണ്."

ക്രമനമ്പർ 5

"പ്രവൃത്തി 5/99-ൽ പൂർത്തിയാക്കിയിട്ടുണ്ട്. തടസ്സവാദം ഒഴിവാക്കേണ്ടതാണ്."

ക്രമനമ്പർ 6

"പ്രവൃത്തി 6/99-ൽ പൂർത്തിയാക്കിയിട്ടുണ്ട്. തടസ്സവാദം ഒഴിവാക്കേണ്ടതാണ്."

ക്രമനമ്പർ 7

"പ്രവൃത്തി 5/99-ൽ പൂർത്തിയാക്കിയിട്ടുണ്ട്. തടസ്സവാദം ഒഴിവാക്കേണ്ടതാണ്."

82. സർക്കാർ നിശ്ചയിച്ച അവസാന തീയതിയായ 30-6-1998-ന് തൊട്ടുമുമ്പാണ് കൂടുതൽ തുകയും ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ നിശ്ചിത തീയതിയ്ക്കകം പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. KSEB-യിൽ ഡെപ്പോസിറ്റ് ചെയ്തതു പ്രകാരമുള്ള പ്രവൃത്തികൾ മേൽപ്പറഞ്ഞ പ്രകാരം പൂർത്തിയാക്കി എന്നതിന് കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 17-8-2000-ൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്."

83. കെ. എസ്. ഇ.ബി ഡെപ്പോസിറ്റ് വർക്കുകൾ ചെയ്തതിന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്ന് സമിതിയാരാഞ്ഞതിന് പദ്ധതി ഭൗതികമായി

പൂർത്തിയായെന്നും അതിന് ഇത്രയും തുക ചെലവായിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നല്കുകയാണ് ചെയ്യുന്നതെന്നും ചെയ്ത പ്രവൃത്തികൾ അതിൽ വ്യക്തമാക്കിയിരിക്കുമെന്നും കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

84. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരുമായി ചർച്ച നടത്തിയപ്പോൾ പണികളെല്ലാം പൂർത്തിയായി എന്നവർ അറിയിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

85. വൈദ്യുത ബോർഡ് പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുമ്പോൾ പ്രസ്തുത പണികൾ പൂർത്തിയാക്കിയാലുടൻ ബന്ധപ്പെട്ട സെക്രട്ടറി നേരിട്ട് സ്ഥല പരിശോധന നടത്തി പണി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തണമെന്നും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കണമെന്നും ഓഡിറ്റ് പരിശോധനാവേളയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**എൻ. അനിരുദ്ധൻ,**

ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

തിരുവനന്തപുരം,
2007, മാർച്ച് 21

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനം/ശുപാർശ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് | 5, 6, 7, 8 | ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ അതിന്മേലുള്ള തുടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൃത്യമായ നടപടി യെടുക്കുന്നുണ്ടെന്ന് ഗ്രാമ വികസന കമ്മീഷണർ ഉറപ്പു വരുത്തണമെന്നും ഇതിനായി ഒരു മേൽനോട്ട സമിതിയെ ചുമതല പ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റിന്മേലുള്ള തുടർ നടപടി നിശ്ചിത സമയ ത്തിനുള്ളിൽ സ്വീകരിക്കുന്നതിന് വീഴ്ച വരുത്തുന്നതിലൂടെ കുറ്റ ക്കാർ രക്ഷപ്പെടാൻ ഇടയായാൽ അതിനിടയാക്കിയ ഉദ്യോ ഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാ ക്കണമെന്നും അവർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി നിദ്ദേശിക്കുന്നു .<br><br>5-10-2004-ൽ ചേർന്ന സമിതിയുടെ തെളി വെടുപ്പ് യോഗത്തിൽ കരാറു കാരനിൽ നിന്നും അധികം നല്കിയ തുക തിരിച്ചടപ്പിച്ച് 20-10-2004 മുൻപായി രസീത് ഓഡിറ്റ് വകുപ്പിനു നല്കാമെന്ന് മാനന്തവാടി ബ്ളോക്ക് പഞ്ചാ യത്ത് ബി.ഡി.ഒ. ഇൻ ചാർജ്ജ് ശ്രീ.ഇ. വി. കുഞ്ഞിരാമൻ ഉറപ്പു നല്കിയെങ്കിലും ഇതുവരെയും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഇതു സംബന്ധിച്ച് മറുപടി സമിതിക്ക് ലഭ്യമാക്കാത്തത് സമിതിയോടുള്ള അനാദരവായി സമിതി കണക്കാക്കുന്നു. പ്രസ്തുത തുക തിരിച്ചടച്ചു വോയെന്നതു സംബന്ധിച്ചും അതിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>ഓഡിറ്റ് പരിശോധനയുടെ ഭാഗമായി സമിതി നടത്തുന്ന തെളിവെടുപ്പു വേളയിൽ ഓഡിറ്റി ന്മേൽ തുടർ നടപടി സ്വീകരിക്കു ന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ബ്ളോക്ക് സെക്രട്ടറിമാർ സമിതിക്ക് നൽകുന്ന ഉറപ്പുകൾ പാലിച്ചു കാണുന്നില്ല.<br><br>സമിതി നിർദ്ദേശം പാലിക്കുന്ന തിനും സമിതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിനും വകുപ്പു തലത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെ തിരെ വകുപ്പുതല നടപടി സ്വീകരി ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2. | മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് | 12,13 | 4-10-1999-ന് പുറപ്പെടുവിച്ച ഓഡി റ്റിലെ പരാമർശങ്ങളുടെ അടിസ്ഥാ നത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. സുധാകരൻപിള്ള അധിക മായി ചെലവു ചെയ്ത 12,500 രൂപ തിരിച്ചു പിടിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപ മാണെന്നും 5-10-04 ലെ സമിതി യോഗത്തിനു മറുപടി നല്കുന്ന തിനു വേണ്ടി മാത്രമാണ് 16-9-2004 ൽ ഒരു അന്വേഷണ കമ്മിറ്റിയെ നിയോ ഗിച്ചതെന്നും സമിതി വിലയി രുത്തുന്നു. ബ്ളോക്ക് പഞ്ചായത്ത് പ്രസ്തുത ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് നടത്തുന്ന അന്വേ ഷണത്തിന്റെ വിശദ വിവരങ്ങളും ഇപ്പോഴത്തെ അവസ്ഥയുമടങ്ങുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാ ക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 3. | മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് | 16,17 | ബ്ളോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആവശ്യത്തിലേറെ തുക പിൻവലി ക്കുന്നതായും പിൻവലിക്കുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ട്രഷറിയിൽ നിക്ഷേപിക്കാതെ കൈവശം സൂക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇത് ധനദുർവിനിയോഗവും ബന്ധപ്പെട്ട നിയമങ്ങൾക്കെതിരുമാകയാൽ ഇതാവർത്തി ക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പദ്ധതി കൾക്കായി പിൻവലിക്കുന്ന മുൻകൂർ തുകയിൽ നിന്നുള്ള ചെലവുകളുടെ രേഖകളും ചെലവാകാതെ വരുന്ന തുക സംബന്ധിച്ച വിശദാംശങ്ങളും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗ സ്ഥർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ബാക്കി വരുന്ന തുക കൈവശം സൂക്ഷിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ച് പലിശയിനത്തിലുള്ള നഷ്ടം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇതിനു വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ക്കെതിരെ പണാപഹരണത്തിന് കേസെടുത്ത് നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശി ക്കുന്നു. |
| 4. | മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് | 22,23,24,25 | പദ്ധതി നിർവ്വഹണോദ്യോഗ സ്ഥരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പദ്ധതി പൂർത്തി യായാലുടൻ തന്നെയോ അല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനു സ്ഥലം മാറ്റം ലഭിച്ചാലുടനേയോ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളും ഫയലും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറണമെന്നും നിർവ്വഹണോ ദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സമിതി അദ്ധ്യക്ഷന്റെ അനുമതിയോടു കൂടിയായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പദ്ധതി സംബന്ധിച്ചുണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങൾക്ക് കൃത്യമായി മറുപടി നല്കണമെന്നും മറുപടി നല്കുവാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പു തല നടപടി കൈക്കൊള്ളുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. നിർവ്വഹണോ ദ്യോഗസ്ഥർ സ്ഥലംമാറുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തിനെ പുതിയ ജോലിസ്ഥലം നിർബന്ധ മായും അറിയിച്ചിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മാനന്തവാടി ബ്ളോക്ക് പഞ്ചായത്തിലെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശത്തിനു മറുപടി നല്കുവാൻ തയ്യാറാകാതിരുന്ന കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരി ക്കുവാനും പ്രോജക്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പദ്ധതി നടപ്പാക്കാത്തതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ഈടാക്കി പഞ്ചായത്തിനു നൽകാൻ കൃഷി വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ബന്ധപ്പെട്ട കൃഷി ഓഫീസറെ സംബന്ധിച്ച വിശദവിവരം ഒരാഴ്ചക്കുള്ളിൽ അറിയിക്കാമെന്ന് സമിതിയുടെ 5-10-2004-ലെ തെളിവെടുപ്പിൽ മാനന്തവാടി ബി.ഡി.ഒ. ഉറപ്പു നല്കിയെങ്കിലും നാളിതുവരെയും പ്രസ്തുത വിവരം സമിതിക്ക് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.<br><br>ഉത്തരവാദികളായ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് | 29, 30 | ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതി രൂപരേഖയും വിശദമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്. ഒരു പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട ഫയലും മറ്റനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതും അവ ഓഡിറ്റിന് കൃത്യമായി ഹാജരാക്കി ആഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ചുമതലയാണ്. ഓഡിറ്റിന്റെ പരിശോധനാവേളയിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്ക് രേഖകൾ സഹിതം കൃത്യമായ മറുപടി നൽകിയാൽ ഒഴിവാക്കപ്പെടാവുന്നതാണ് മിക്ക ഓഡിറ്റ് പരാമർശങ്ങളും. ക്രമമായും ചിട്ടയായുമുള്ള പ്രവർത്തനശൈലി പിൻതുടരുന്നതിൽ ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അലംഭാവമാണ് മിക്ക ഓഡിറ്റ് പരാമർശങ്ങൾക്കും കാരണമാകുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു.<br><br>ആയതിനാൽ കൃത്യമായ രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സെക്രട്ടറിമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് | 35,36,37 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത നടപടി വൈകിയാൽ ആയതിനുത്തരവാദികളാകുന്ന ഗ്രാമവികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടി റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളും അതിന്മേലുള്ള തുടർ നടപടികളും പരിശോധിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ വകുപ്പ് അധികൃതർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും ഇതു സംബന്ധിച്ച് പീരിയോഡിക്കലായി റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>പദ്ധതി സംബന്ധിച്ച ഫയലുകൾ രണ്ടാഴ്ചക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കാമെന്ന് 5-10-2004-ലെ സമിതിയോഗത്തിൽ മാനന്തവാടി ഡി.ഇ.ഒ. സീനിയർ സൂപ്രണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതിക്ക് ഉറപ്പു നൽകിയെങ്കിലും നാളിതുവരെയും പ്രസ്തുത ഫയലുകൾ ലഭ്യമാക്കുകയോ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ സമിതിക്ക് നൽകിയ ഉറപ്പു പാലിക്കാത്ത പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഭരണ വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു |
| 7. | മാനന്തവാടി ബ്ളോക്ക് പഞ്ചായത്ത് | 41 | മേൽ പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ പൂർത്തിയാകാത്തവയുടെ ഇപ്പോഴത്തെ അവസ്ഥ സംബ ന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാ ക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. പൂർത്തിയാകാത്ത പ്രവൃത്തികൾക്ക് നൽകിയ തുക പലിശസഹിതം റവന്യു റിക്കവറി നടത്തി തുക ഈടാക്കി വിവരം സമിതിയെ അറിയിക്കേണ്ടതുമാണ്. |
| 8. | സുൽത്താൻ ബത്തേരി ബ്ളോക്ക് പഞ്ചായത്ത് 46 | 47, 48, 49, 50 | ചുള്ളിയോട് കഴമ്പിൽകര കാട്ടിമൂല റോഡ് പണി തൃപ്തികരമായി പൂർത്തീകരിച്ചെങ്കിലും പാർശ്വഭിത്തി പല സ്ഥലത്തും ഇളകി കിടക്കുന്നതിനാൽ റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ അടിയന്തിരമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br><br>കുന്നിൻമുകളിലുള്ള ടാങ്കിൽ നിന്നും താഴോട്ടുള്ള വ്യത്യസ്ത കണക്ഷനുകളിലേക്ക് ജലത്തിന്റെ സമ്മർദ്ദം താങ്ങത്തക്ക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | രീതിയിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുവാൻ നടപടി സ്വീകരിക്കണമെന്നും ഇതിലേക്കായി വാട്ടർ അതോറിറ്റിയുടെ വൈദഗ്ദ്ധ്യവും സേവനവും പ്രയോജനപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ശരിയായ ആസൂത്രണമില്ലാതെ ചെയ്തതിനാലാണ് പദ്ധതി തകരാറിലായതെന്നും ആയതിനാൽ ഇത്തരം പദ്ധതികൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെയും പദ്ധതിയെക്കുറിച്ച് പൂർണ്ണമായി ആസൂത്രണം നടത്തി മാത്രമേ നടപ്പാക്കാവൂ എന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>പദ്ധതിയിൽ നിർദ്ദേശിച്ച മറ്റ് പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കൾ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പദ്ധതി കൾ ഗുണഭോക്താക്കൾക്ക് വളരെ പ്രയാജനപ്രദവും ചെലവു കുറവുള്ളതും ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും പൂർത്തീകരിച്ച പദ്ധതികൾ കാലാകാലങ്ങളിൽ അറ്റകുറ്റപണി നടത്തി പരിപാലിക്കുവാൻ ജാഗ്രത പുലർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത ആഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9. | തലശ്ശേരി ബ്ളോക്ക് പഞ്ചായത്ത് | 58, 59, 60 | ബ്ലോക്കുപഞ്ചായത്തുകൾ ഒരു പദ്ധതി നടപ്പാക്കാനായി ആലോചിക്കുമ്പാൾ ആ പദ്ധതി കൊണ്ടുണ്ടാകുന്ന നേട്ടങ്ങളേയും കോട്ടങ്ങളേയും കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൗൺസിലിന് പൂർണ്ണമായ വിവരം നൽകിയിരിക്കണമെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>കാർഷിക പദ്ധതികൾ നടപ്പാക്കുമ്പോൾ അതാതു കാർഷിക വിളകളുടെ സീസണിൽ തുടങ്ങാവുന്ന തരത്തിൽ ആസൂത്രണം ചെയ്യേണ്ടതാണെന്നും അങ്ങനെയല്ലാതെ തുടങ്ങുന്ന പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കില്ലാ എന്നതിന് ഉത്തമ ഉദാഹരണമാണ് ഈ പദ്ധതിയെന്നും സമിതി അഭിപ്രായപ്പെടുന്നു.<br><br>കാർഷിക പദ്ധതി നടപ്പാക്കുമ്പോൾ പ്രസ്തുത പദ്ധതിക്കാവശ്യമായ വിത്തിനങ്ങളും തൈകളും പദ്ധതിയുടെ സമീപപ്രദേശത്തു തന്നെയുള്ള സർക്കാർ അംഗീകൃത കാർഷിക ഏജൻസികളിൽ നിന്നും ശേഖരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട് നിർവ്വഹണണോദ്യോഗസ്ഥരായി നിയോഗിക്കുന്ന കൃഷിവകുപ്പുദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10. | തലശ്ശേരി ബ്ളോക്ക് പഞ്ചായത്ത് | 65, 66 | ബ്ലാക്ക് പഞ്ചായത്തുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്കായി സാധനങ്ങൾ വാങ്ങി നൽകുമ്പോൾ അവ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ, സാധനം വാങ്ങിയതിന്റെ നടപടിക്രമങ്ങൾ, രസീത്, വിതരണം ചെയ്തത് സംബന്ധിച്ച രജിസ്റ്റർ, ഗുണഭോക്താക്കളുടെ ലിസ്റ്റ് , കൈപ്പറ്റ് രസീത്, എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരിക്കണമെന്നും ഓഡിറ്റിന് ഇവ ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്നും പല ഓഡിറ്റ് റിപ്പോർട്ടു കളിലും ചൂണ്ടിക്കാണിച്ചിട്ടും പല ഉദ്യോഗസ്ഥരും അതു പാലിക്കാൻ കൂട്ടാക്കാതെ ഇതിനു വിരുദ്ധമായി പ്രവർത്തിക്കുകയും മതിയായ രേഖകൾ സൂക്ഷിക്കാതെ ഓഡിറ്റ് പരാമർശത്തിനിടയാക്കുകയും ചെയ്യുന്നു. നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഓഡിറ്റു പരാമർശത്തിനു ശേഷം ബന്ധപ്പെട്ട രേഖ കൃത്രിമമായി ഉണ്ടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക രേഖകളിൽ കൃത്രിമം കാണിച്ചതിന് ശിക്ഷാ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11. | കൂത്ത്പ്പറമ്പ് | 71, 72 | പദ്ധതികൾക്കായി കൺവീനർക്ക് മുൻകൂർ നൽകുമ്പോൾ പാർട്ട് ബില്ലിൽ പ്രസ്തുത മുൻകൂർ കുറച്ചതിനുശേഷം മാത്രമേ ബിൽ പാസ്സാക്കാവൂ എന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് ശിക്ഷാ നടപടികൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br>പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 12. | ഇരിട്ടി | 76 | കൺവീനർക്ക് നൽകിയ തുക അന്തിമബില്ലിൽ ക്രമപ്പെടുത്തിയിട്ടുള്ളതിനാലും, പ്രസ്തുത റോഡുപണി പൂർത്തീകരിച്ചിട്ടുള്ളതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13. | കാഞ്ഞങ്ങാട് | 80 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ പരാമർശ വിധേയമായ കാലയളവിൽ ജോലി ചെയ്തിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 14. | കാഞ്ഞങ്ങാട് | 85 | വൈദ്യുത ബോർഡ് പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുമ്പോൾ പ്രസ്തുത പണികൾ പൂർത്തിയാക്കിയാലുടൻ ബന്ധപ്പെട്ട സെക്രട്ടറി നേരിട്ട് സ്ഥല പരിശോധന നടത്തി പണി തൃപ്തികരമായി പൂർത്തീ കരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കണമെന്നും ഓഡിറ്റ് പരിശോധനാവേളയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |